# Reaching Out

Quarterly of Pain and Palliative Care Society, Thrissur

VOLUME 22 ● ISSUE 2 ● JUNE 2025




17.01.1946 **രാധ സിസ്റ്റർ** 24.04.2025

**"വെളിച്ചമേ നയിച്ചാലും"**

# രോഗി പരിചരണവും ആരോഗ്യ പരിപാലകരും

ഡോ. പി. പ്രഭാകരൻ

**രോ**ഗങ്ങളെക്കൊണ്ട് നിറഞ്ഞിരിയ്ക്കുന്ന വെറുമൊരു ശരീരം മാത്രമല്ല രോഗിയെന്നും, വികാര, വിചാരങ്ങളുള്ള വ്യക്തിയാണെന്നും എപ്പോഴും ഓർമ്മിയ്ക്കേണ്ടത് ശ്രുശൂഷകരുടെ കടമയാണ്. ശരീരത്തിന്റെയും മനസ്സിന്റെയും ശക്തിയും കഴിവുകളുമൊക്കെ ചോർന്നുപോയിട്ടുള്ള ആ മനുഷ്യനെ, ഒരു വ്യക്തിയായിത്തന്നെ അംഗീകരിയ്ക്കുകയും അവരുടെ അന്തസ്സ് നിലനിർത്തിക്കൊണ്ട് പരിപാലനക്രമങ്ങൾ പ്രവർത്തികമാക്കേണ്ടതുമാണ്.

ആരോഗ്യപരിപാലകന്റെ വരവിനെയും പരിശോധനകളെയും കാത്തുകൊണ്ടുള്ള ഒരു കിടപ്പുരോഗിയുടെ മാനസികാവസ്ഥ ഏതാണ്ട് താഴെ എഴുതിയ പോലെയാകും.

'അങ്ങ് എന്റെ കിടയ്ക്കയ്ക്കരികിലേയ്ക്ക് വരുമ്പോൾ, ഞാനെന്ന വ്യക്തിയെപ്പറ്റി അൽപ്പമൊന്ന് മനസ്സിലാക്കിയിരിയ്ക്കണേ; എന്റെ കേസ്സ് ഷീറ്റിൽ അതുണ്ടായെന്ന് വരില്ല. ഞാൻ നാല്പതുവർഷമായി വിവാഹിതനാണ് എന്നും എനിയ്ക്ക് രണ്ടു മക്കളും നാല് കൊച്ചുമക്കളും ഉണ്ടെന്നും ഞാൻ അദ്ധ്യാപകരുടെ അദ്ധ്യാപകനാണെന്നും ഒക്കെ....'

'അങ്ങ് എന്റെ കിടയ്ക്കയ്ക്കരികിലേക്ക് വരുമ്പോൾ, എനിയ്ക്ക് അങ്ങയുടെ സാന്നിദ്ധ്യം പൂർണ്ണമായിവേണം. എനിയ്ക്ക് സൗഖ്യം തരാൻ അങ്ങെന്റെ പങ്കാളിയായേ പറ്റൂ.

എന്റെ ആശ നശിപ്പിയ്ക്കരുതേ.

എനിയ്ക്കിനി അത് മാത്രമല്ലേ ബാക്കിയുള്ളൂ'

രോഗിപരിചരണം എന്നും എപ്പോഴും കരുണാമയമായിരിയ്ക്കണം.

ഡോ. ചോച്ചിനോവ് ഉദ്ധരിച്ച 'കാരുണ്യം' എന്താണെന്നാൽ

1. രോഗത്താൽ വലഞ്ഞ ആളെ ഒരു വ്യക്തിയായി അംഗീകരിയ്ക്കുക. അപ്പോഴേ, അവർ അനുഭവിയ്ക്കുന്നത് എന്തെന്ന് നമുക്ക് മനസിലാകുകയുള്ളൂ.
2. വ്യക്തിയെ തിരിച്ചറിയണമെങ്കിൽ അവരുടെ കഥ ശ്രദ്ധാപൂർവ്വം കേൾക്കണം.
3. വ്യക്തിയെ മനസ്സിലാക്കുമ്പോൾ, സ്വജീവിതവും സ്വമനസ്സും ഒക്കെ നശ്വരവും എളുപ്പത്തിൽപൊട്ടിച്ചിതറാവുന്നതുമാണെന്നും, അതും സ്വീകരിയ്ക്കുവാൻ നാം തയ്യാറാവേണ്ടതുണ്ടെന്നും നാം ഓർത്തേക്കും.
4. അവരുടെ കഥകേട്ട്, ആ വ്യക്തിയുടെ സ്വഭാവവിശേഷങ്ങൾ നാം മനസ്സിലാക്കുമ്പോൾ, അവ കൂടി കണക്കിലെടുത്ത് അവരെ ശ്രുശൂഷിയ്ക്കുവാൻ നമുക്ക് കഴിയും.
5. ഓരോ വ്യക്തിയുടേയും ജീവിതവും മൂല്യങ്ങളും കഥകളും വളരെ വ്യത്യസ്തമാകാമെന്നും നമ്മൾ തിരിച്ചറിയുന്നു. മുൻവിധിയില്ലാതെ അവയെ കാണാൻ നാം തയ്യാറാകണം.
6. കാരുണ്യത്തെ പ്രവൃത്തിയിൽ കൊണ്ടുവരണമെങ്കിൽ, അതേപ്പറ്റി നമുക്ക് ചെയ്യാവുന്നത് എന്താണോ, അത് ചെയ്യുകയെന്നത് സർവ്വപ്രധാനമാണ്.

ഒരു വ്യക്തിയെ മുഴുവനായും നമുക്ക് മനസ്സിലാക്കുവാൻ എപ്പോഴും സാധിച്ചെന്ന് വരില്ല. എങ്കിലും, കഴിയുമ്പോഴൊക്കെ ഒന്നടുത്തിരുന്ന്, ശ്രദ്ധമുഴുവനും അവരിൽ അർപ്പിച്ച്, പറയാനുള്ളതെല്ലാം കേൾക്കുക എന്നത് കാരുണ്യത്തോട് കൂടിയ ശ്രുശൂഷയ്ക്ക് അത്യന്താപേക്ഷിതമാണ്

# എഡിറ്റോറിയൽ


**Reaching Out**

Quarterly of Pain and Palliative Care Society, Thrissur

VOLUME 22 ● ISSUE 2 ● JUNE 2025

Reg.No. 591/97

Old District Hospital Building. Thrissur - 680 001

Ph : 0487 - 2322128

Web.: www.painandpalliativecarethrissur.org

E-mail: ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur

| | | |
|---|---|---|
| Editor | : | Secretary, PPCS |
| Editorial Assistance | : | P. Krishnakumar |
| Lay-out & Printed at | : | Vakayil Printers, Thrissur<br>Mob : 9846318194 |

Cover Photo : Radha


**ഡോ. ഇ. ദിവാകരൻ**

**ഓ**രോ സ്ഥാപനത്തേയും നിർവ്വചിയ്ക്കുന്ന ചില സ്വഭാവവിശേഷങ്ങളുണ്ട്; ആ സ്ഥാപനത്തിന്റെ മുഖമുദ്രയായി മാറുന്ന സ്വഭാവവിശേഷങ്ങൾ. പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റിയെ അടയാളപ്പെടുത്തുന്ന സ്വഭാവവിശേഷങ്ങളാണ് നഴ്സിങ് പരിചരണത്തിലെ കാര്യക്ഷമതയും സഹാനുഭൂതിയും, അതുപോലെ മാനുഷിക ബന്ധങ്ങളിലെ മമത്വവും ശ്രേണീ ബദ്ധതയില്ലായ്മയും. സൊസൈറ്റിയിൽ നിലനിൽക്കുന്ന ഈ സംസ്കാരത്തിന്റെ നിർമ്മിതിയിൽ വലിയൊരു പങ്കുവഹിച്ച വ്യക്തിയാണ് 2025 ഏപ്രിൽമാസം 24ന് നമ്മെവിട്ടുപോയ രാധേടത്തി എന്ന രാധ സിസ്റ്റർ.

1997ൽ സൊസൈറ്റിയുടെ പ്രവർത്തനം തുടങ്ങുമ്പോൾ തന്നെ സിസ്റ്റർ അതിന്റെ ഭാഗമായതാണ്. സൊസൈറ്റിയുടെ ചെയർപേഴ്സണായ ഡോ. എ.കെ ഉണ്ണികൃഷ്ണന്റെ സഹപ്രവർത്തക എന്ന നിലയിലാണ് അവർ സൊസൈറ്റിയുമായി ബന്ധപ്പെട്ടതെങ്കിലും, വളരെ പെട്ടെന്നുതന്നെ സൊസൈറ്റി അവരുടെ സ്വന്തം ഇടമായി മാറുകയായിരുന്നു. പാലിയേറ്റീവ് കെയറും സഹാനുഭൂതിയുമൊന്നും അവരെ സംബന്ധിച്ചെടത്തോളം ആർജ്ജിച്ചെടുക്കേണ്ട അറിവുകളായിരുന്നില്ല; അവരുടെ സ്വത്വത്തിൽ ഉൾച്ചേർന്നവയായിരുന്നു അവയെല്ലാം.

ആർദ്രതയോടെയും കാര്യക്ഷമതയോടെയും പരിചരിയ്ക്കുക വഴി കടുത്ത യാതന അനുഭവിയ്ക്കുന്ന രോഗികളേയും അവർ സൗഖ്യപ്പെടുത്തുന്ന കാഴ്ച രോഗീപരിചരണത്തിലേർപ്പെട്ട ഞങ്ങൾക്കെല്ലാം ഒരുപാഠമായിരുന്നു. "The way care is given can reach the most hidden places" എന്ന സിസിലി സോൺഡേഴ്സിന്റെ നിരീക്ഷണത്തെ ശരിവയ്ക്കുന്നതായിരുന്നു രാധ സിസ്റ്ററുടെ പരിചരണ രീതി. രോഗീപരിചരണം ഒരാത്മീയ അനുഭൂതിയായി മാറുന്ന കാഴ്ച.

ഈ പരിചരണ രീതിയാണ് രാധ സിസ്റ്റർ 1997 മുതൽ 2025ൽ കിടപ്പാവുന്നതു വരെയുള്ള 28 വർഷക്കാലവും പിന്തുടർന്നു പോന്നിരുന്നത്. ഇതേ

പരിചരണ രീതിയാണ് സൊസൈറ്റിയിലെ സിസ്റ്റർമാരെ അവർ പഠിപ്പിച്ചിരുന്നതും. സിസ്റ്റർമാരുടെ വാക്കും, നോക്കും, നടപ്പും എല്ലാം സിസ്റ്റർ കരുതലോടെ ശ്രദ്ധിയ്ക്കുമായിരുന്നു. അവരുടെ വ്യക്തിത്വ വികസനത്തിന് നല്ലൊരു മാർഗ്ഗദർശി (mentor) ആയിരുന്നു രാധേടത്തി.

എന്തായിരുന്നു രാധസിസ്റ്റർക്ക് സൊസൈറ്റിയിൽ തുടരാനുള്ള പ്രചോദനം? യാതന അനുഭവിയ്ക്കുന്നവരോടുള്ള ഐക്യപ്പെടലായിരുന്നു അത്. ആത്മീയമായ ഒരനിവാര്യത. ശാരീരിക ക്ലേശങ്ങൾക്കിടയിലും പാലിയേറ്റീവ് കെയറിൽ മുടങ്ങാതെ വരുന്ന രാധേടത്തിയോട് 'എന്തിനാണ് ഇങ്ങനെ കഷ്ടപ്പെട്ട് വരുന്നത്?' എന്നു ചോദിച്ചപ്പോൾ മറുപടി 'വരാതെ പറ്റില്ല' എന്നായിരുന്നു.

രാധേടത്തിയുടെ പ്രവർത്തനങ്ങൾക്ക് കരുത്തും പിന്തുണയും നൽകിയിരുന്ന അവരുടെ ജീവിതപങ്കാളിയായ, അനിയേട്ടൻ എന്ന് എല്ലാവരും സ്നേഹപൂർവ്വം വിളിയ്ക്കുന്ന ശ്രീ. അരവിന്ദാക്ഷനോടുള്ള നന്ദിയും ബഹുമാനവും രേഖപ്പെടുത്തുന്നു.

രാധ സിസ്റ്ററെക്കുറിച്ചുള്ള ദീപ്തമായ ഓർമ്മകൾ, പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റിയ്ക്ക് എന്നും വെളിച്ചം പകരുന്ന ഒരു മാർഗ്ഗദീപമായി നിലനിൽക്കട്ടെ.

●

# REPORT OF PEADIATRIC PALLIATIVE TRAINING PROGRAMME

SISTER SINI P.S & SISTER FIMA VINCENT

**കു**ഞ്ഞുങ്ങൾ നാളെയുടെ വാഗ്ദാനങ്ങൾ എന്നാണല്ലോ. ആ കുഞ്ഞുങ്ങൾക്ക് കാൻസർ പോലെയുള്ള മാറാരോഗങ്ങൾ അനുഭവിക്കേണ്ടി വരുമ്പോഴോ? അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട പീഡിയാട്രിക് പാലിയേറ്റിവ് പ്രോഗ്രാം 5, 6 മെയ് 2025 ൽ നടന്നു. ഡോക്ടർമാർക്കും നേഴ്സ്മാർക്കും വേണ്ടി നടത്തിയ ഈ ട്രെയ്നിങ്ങ് പ്രോഗ്രാം ELNEC (End of Life Nursing Education and Consortium), തണൽ റീഹാബിലിറ്റേഷൻ ട്രസ്റ്റ് കോഴിക്കോട് എന്നിവരുടെ സഹകരണത്തോടു കൂടിയായിരുന്നു.

മുതിർന്നവർക്ക് പാലിയേറ്റിവ് കെയർ നൽകുന്നതിനേക്കാൾ വെല്ലുവിളികൾ നേരിടുന്ന ഒന്നാണ് കുട്ടികൾക്കുള്ള പാലിയേറ്റീവ് കെയർ എന്നും, അത് വളരെ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒന്നാണെന്നും മനസ്സിലാക്കാൻ സാധിച്ചു. കുഞ്ഞുങ്ങൾ എന്നും നമ്മുടെ ബലഹീനതയാണല്ലോ..., ഈ ബലഹീനതയെ മറികടന്നുകൊണ്ട് തികഞ്ഞ അറിവോടുകൂടി ശരിയായ സമയത്തു ശരിയായ രീതിയിൽ ഇടപെടാൻ തക്കവിധം മനസ്സിനെ പാകപ്പെടുത്തുകയാണ് ആദ്യമായി ചെയ്യേണ്ടത്. തന്റെ മുൻപിലുള്ള കുഞ്ഞിന്റെ ശരീരഭാഷ, മുഖത്തെ ഭാവങ്ങൾ, കുഞ്ഞുണ്ടാക്കുന്ന ശബ്ദം എന്നിങ്ങനെ അതിസൂക്ഷ്മമായി എല്ലാ കാര്യങ്ങളും വീക്ഷിച്ചതിനുശേഷം മാത്രമേ സാന്ത്വന പരിചരണത്തിലേക്കു കടക്കാവൂ എന്ന് മനസ്സിലായി.

വേദന ഇല്ലാതാക്കുന്ന ഒരിടമായിട്ടാണ് പാലിയേറ്റീവ് കെയറിനെ ഭൂരിഭാഗം ജനങ്ങളും കാണുന്നത്. അതിനാൽ തന്നെ മാതാപിതാക്കൾ നമ്മുടെ അടുത്തേക്ക് അവരുടെ കുഞ്ഞുങ്ങളെ കൊണ്ടുവരുന്നത് ആ ഒരു ലക്ഷ്യത്തോടെ ആയിരിക്കും. എന്നാൽ അതിലുമുപരി പ്രതീക്ഷകളും ആശങ്കകളും ആകുലതകളും അവർക്കുണ്ടാകും. ഈ സാഹചര്യത്തിൽ രോഗത്തെപ്പറ്റിയുള്ള വ്യക്തമായ ധാരണ, തുടർ ചികിത്സകൾ, കുഞ്ഞിന് ആവശ്യമായി വരുന്ന പ്രോസിജ്യറുകൾ എന്നിവയെപ്പറ്റിയൊക്കെ നല്ല ധാരണ വേണം. രക്ഷിതാക്കൾക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഇത് ആവശ്യമാണ്. ശരീരശാസ്ത്രം, ശരീരധർമ്മങ്ങൾ, രോഗ ലക്ഷണങ്ങൾ, രോഗാതുരതകൾ, മരുന്നുകൾ, പ്രോസിജ്യറുകൾ, അന്ത്യകാല പരിചരണം എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ കേൾക്കാനും മനസ്സിലാക്കാനും സാധിച്ചു. മുതിർന്നവർക്കും കുട്ടികൾക്കും നമ്മൾ കൊടുക്കുന്ന പരിചരണം വ്യത്യസ്ത രീതിയിൽ ആണ്. രണ്ടു ദിവസത്തെ ക്ലാസിനു ശേഷം തിരികെ പോരുമ്പോൾ ചിലവഴിച്ച സമയം സാർത്ഥകമായി എന്നുതന്നെയാണ് ഞങ്ങൾ മനസ്സിലാക്കിയത്.

●

# 'വെളിച്ചമേ നയിച്ചാലും'

കെ. അരവിന്ദാക്ഷൻ

**'ച**ത്തു കിടക്കുമ്പോഴും ചമഞ്ഞു കിടക്കണം' എന്നാണ് മാതൃതുല്യയായ രാധേടത്തി പറയാറ്. തന്റെ ശരീരത്തെ പ്രതി അവർ ബോധവതിയായിരുന്നു. ആ ബോധ്യം അവരുടെ ഹൃദയ സൗന്ദര്യത്തിന്റെ കൂടി ബോധ്യമായതുകൊണ്ടാവാം, ആരുടെ ശരീരത്തിനേൽക്കുന്ന ക്ഷതത്തെയും അവർ സ്നേഹകാന്തിയോടെ പരിചരിച്ചത്. അവരുടെ പരിചരണം ശ്രദ്ധിച്ചാലറിയാം, എത്ര മാത്രം ശുഷ്കാന്തിയോടെയാണ് അപരശരീരത്തിന്റെ മുറിവുകളെ, വ്രണങ്ങളെ അവർ കണ്ടിരുന്നതെന്ന്.

പുഴുവരിയ്ക്കുന്ന വ്രണത്തിൽ അവരുടെ ഹൃദയം തൂവൽസ്പർശമായി വൃത്തിയാക്കുന്നത് നേരിൽ കണ്ടിട്ടുണ്ട്. അതിലൂടെ അവർ വ്രണിതമായ ആ ശരീരഭാഗത്തെ 'സൗന്ദര്യ'വൽക്കരിയ്ക്കുകയാണ്. അപരന്റെ വേദനയും ക്ലേശവും ശമിയ്ക്കുന്നു. രോഗബാധിതനായ വ്യക്തിയുടെ ആന്തരികശോഭ പ്രതിഫലിയ്ക്കുന്നത്, ആ മുഖത്ത് നിഴലിയ്ക്കും. വാസ്തവത്തിൽ രാധേടത്തിയുടെ ഹൃദയവും രോഗബാധിതനായ വ്യക്തിയുടെ ഹൃദയവും തമ്മിലുള്ള നിശ്ശബ്ദമായ സംവാദമാണത്. ഈ സംവാദത്തിൽ, രണ്ടു മനുഷ്യരും ഒരുപോലെ സ്വാസ്ഥ്യം കണ്ടെത്തുന്നുണ്ടാകണം. കുറെക്കൂടി സൂക്ഷ്മമായിട്ടെടുത്താൽ ബാഹ്യസൗന്ദര്യവും ആന്തരിക സൗന്ദര്യവും ശരീരവും മനസ്സും രണ്ടല്ല, ഒന്നു തന്നെയാണ്. ശരീരമില്ലെങ്കിൽ എവിടെയാണ് മനസ്സ്. മനസ്സിന് ശരീരം കൂടിയേ തീരൂ.

ഇതു കൊണ്ടു കൂടിയാകാം, ഗോതമബുദ്ധൻ ശരീര പീഡകളിലൂന്നുന്ന തപസ്സുകൾ തിരസ്കരിച്ച്, 'ശരീരസൗന്ദര്യം' തിരിച്ചറിഞ്ഞത്. ബോധോദയത്തിൽ എത്തിയതിന്റെ പിറ്റേന്നാൾ അദ്ദേഹത്തിന്റെ അടുത്തേയ്ക്കോടിച്ചെന്ന സ്വാതിയെന്ന കാലിച്ചെറുക്കൻ, പ്രകാശം സ്ഫുരിയ്ക്കുന്ന ആ തേജോരൂപം കണ്ട് അത്ഭുതപ്പെട്ടുവത്രെ. ബോധോദയം ശരീരത്തിലൂടെയേ സാധിയ്ക്കൂ. ശരീരത്തെ ഓരോ നിമിഷവും അതീവശ്രദ്ധയോടെ സൂക്ഷിച്ചവനാണ് ഗാന്ധി. ഭക്ഷണത്തിൽ ഒരു മുന്തിരിങ്ങ കൂടുതലുണ്ടെങ്കിൽ അദ്ദേഹം ആ ഒരു മുന്തിരി തിരസ്കരിയ്ക്കും. കാരണം, ദഹനേന്ദ്രിയത്തിൽ അത് പ്രശ്നമുണ്ടാക്കിയേക്കും. ശരീരത്തിനും.

രാധേടത്തിയുടെ സൗന്ദര്യശുശ്രൂഷ താൻ ജോലി ചെയ്യുന്ന ഇടങ്ങളിൽ (ആശുപത്രി /പാലിയേറ്റീവ് ക്ലിനിക്) മാത്രം ഒതുങ്ങിനിന്നില്ല. ആര് വിളിച്ചാലും രോഗബാധിതന്റെ അടുത്തേയ്ക്ക് അവർ എത്തും. ശുശ്രൂഷിയ്ക്കും. അമ്മയുടെയും സഹോദരിയുടേയും എന്റെയും രോഗാവസ്ഥയിൽ അവരുടെ ദിവ്യസ്പർശവും സാമീപ്യവും ഉണ്ടായിരുന്നു. നമ്മുടെ ക്ലിനിക്കിലെ ഓരോരുത്തർക്കും ഇക്കാര്യത്തിൽ എന്തെങ്കിലും പറയാനുണ്ടാവും. കമ്മ്യൂണിറ്റിയിലേയ്ക്ക് അത് വ്യാപിച്ചിരുന്നു, കരുണാർദ്രമായ സമൂഹം (Compassionate Communtiy) എന്ന വാക്പ്രയോഗം സാന്ത്വന രംഗത്ത് വ്യാപകമാവുന്നതിന് മുമ്പെത്തന്നെ.

ഈ കാരുണ്യധാര അവരിൽ നന്നേ ചെറുപ്പത്തിൽ തന്നെ ഉണ്ടായിരുന്നിരിയ്ക്കണം. ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ്, പൊതുവെ സവർണ്ണകുടുംബങ്ങളിലെ പെൺകുട്ടികൾ നഴ്സിംഗ് മേഖലയിൽ വരാത്തകാലത്താണ്, രാധേടത്തി ആ മേഖല തെരഞ്ഞെടുക്കുന്നത്. നഴ്സായി ജോലിയിൽ പ്രവേശിച്ച യൗവനഘട്ടത്തിൽ, ആസ്പത്രി സേവനം കൂടാതെ അയൽപക്കങ്ങളിലും ആവശ്യക്കാരിലും തന്റെ സൗജന്യസേവനം മടികൂടാതെ, സമയം നോക്കാതെ, ഭേദഭാവങ്ങളില്ലാതെ അവർ എത്തിച്ചിരുന്നുവെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഏകദേശം മൂന്ന് പതിറ്റാണ്ടുകളായി നമ്മുടെ പാലിയേറ്റീവ് ക്ലിനിക്കിന്റെ സാമൂഹ്യപ്രതിച്ഛായ കളങ്കമേൽക്കാതെ അതിജീവിയ്ക്കുന്നതിന് മൂന്ന് പ്രധാന കാരണങ്ങളുണ്ട്. സേവനപരത, സുതാര്യത, കൃത്യനിഷ്ഠ. ഇവ മൂന്നും പരസ്പര ബന്ധിതവും പരസ്പരാശ്രിതവുമാണ്.

ഇവയിൽ ക്ലിനിക്കിന്റെ സേവനപരത അർത്ഥവത്താക്കുന്നതിൽ ആരംഭം മുതൽ പ്രധാന പങ്ക് വഹിച്ചത് രാധേടത്തിയാണ്. നഴ്സിംഗ് സിസ്റ്റർമാരിൽ നിസ്സീമമായ സേവനത്തിന്റെ പാഠങ്ങൾ തെളിയിച്ചത് അവരാണ്. ഒരു ഹെഡ് നഴ്സായിട്ടല്ല, രോഗബാധിതനായ വ്യക്തിയുടെ ഓരോ അവസ്ഥയും എപ്രകാരം നിവർത്തിയ്ക്കണം എന്ന് സ്വയം ചെയ്തു കാണിച്ചു കൊണ്ടാണ് അവർ അതിന് വഴിയൊരുക്കിയത്. അവർ ചെയ്യാത്തതൊന്നും ഒരു സിസ്റ്ററും അന്നും ഇന്നും അവിടെ ചെയ്തിട്ടില്ല; ചെയ്യുന്നില്ല. അത്ര പൂർണ്ണമായിരുന്നു, രോഗബാധിതനായ കേന്ദ്രസൂര്യനെ മുൻനിർത്തിയുള്ള രാധേടത്തിയുടെ സമർപ്പണം. ശരീരത്തിന്റെയും ഹൃദയത്തിന്റെയും.

വ്രണം സുഖപ്പെടുത്തുന്നതിലോ, മൂത്രക്കുഴൽ മാറ്റുന്നതിലോ, ഭക്ഷണക്കുഴൽ ഘടിപ്പിയ്ക്കുന്നതിലോ, മരുന്നുകൾ കുത്തിവെയ്ക്കുന്നതിലോ മാത്രമല്ല അവർ ശ്രദ്ധിച്ചത്. രോഗബാധിതനായ മനുഷ്യന്റെ ശുചിത്വം, വൃത്തി, വസ്ത്രം, ഭക്ഷണം, അവരുമായും അവരുടെ ബന്ധുമിത്രാദികളുമായുള്ള ഇടപെടൽ, ഡോക്ടർമാർ, സന്നദ്ധസേവകർ, പൊതുസമൂഹം എന്നിവരോടുള്ള ഇടപെടൽ, ഇവയിലെല്ലാം അവർ അതുല്യമായ മാതൃകയായിരുന്നു. രോഗബാധിതനായ വ്യക്തി സമഗ്രതയാണെങ്കിൽ, അവരുമായി എല്ലാ തലത്തിലും സംവദിയ്ക്കുന്ന സിസ്റ്ററും സമഗ്രതയാവണം; അതാണ് അവരുടെ പ്രായോഗിക 'ദർശനം'.

ഇതേതെങ്കിലും പുസ്തകങ്ങളിൽ നിന്ന് സ്വായത്തമാക്കിയതല്ല. തീർച്ചയായും തനിയ്ക്ക് മുമ്പേ നടന്നുപോയവരിൽ നിന്ന് പലതും സ്വാംശീകരിച്ചതാവാം. അവരുടെ പരിമിതികൾ, ഫ്രെയിംവർക്കുകൾ ലംഘിച്ചതാണ് രാധേടത്തിയെ മൗലികമാക്കുന്നത്. തന്റെ മുന്നിലെത്തുന്ന ഓരോ രോഗബാധിതയും മൗലികമാണെന്ന അബോധമായ തിരിച്ചറിവ് അവരിൽ ലീനമായിട്ടുള്ളതുകൊണ്ടാണ് ഈ തുടർച്ച സാധ്യമാകുന്നത്. രാധേടത്തി നമ്മുടെ സേവനത്തിന്റെ വെളിച്ചമാകുന്നത്, 'വെളിച്ചമേ നയിച്ചാലും' എന്ന് പ്രാർത്ഥിയ്ക്കേണ്ടി വരുന്നത്.

'വെളിച്ചമേ നയിച്ചാലും' എന്നൊക്കെ സാധാരണക്കാരിയായ സിസ്റ്ററെ മഹത്വവൽക്കരിയ്ക്കാമോയെന്ന് ചിലരെങ്കിലും സംശയിച്ചേക്കാം. ഒരാൾ മറ്റൊരാൾക്ക് വെളിച്ചമാകുന്നതെപ്പോഴാണ്? അവരിലെ പ്രകാശം മറ്റൊരാളുടെ പാത തെളിയിയ്ക്കുമ്പോൾ. അത് പുസ്തകത്തിലെഴുതിയ വാക്കല്ല. നാം വർത്തമാനങ്ങളിൽ അർത്ഥമറിയാതെ ആവർത്തിയ്ക്കുന്ന ക്ലാവ് പിടിച്ച (ക്ളീഷേ) സ്നേഹമല്ല. പ്രവൃത്തിയാണ്. പ്രവൃത്തിയിൽ നിന്നാണ് പ്രകാശം ഉദിയ്ക്കുന്നത്. ഇരുട്ടിനെ അപ്രത്യക്ഷമാക്കുന്നത്. ഒരു സാധാരണക്കാരിയെ അസാധാരണയാക്കുന്നത്. ഇതേവഴിയിലൂടെ നിങ്ങൾ സഞ്ചരിയ്ക്കണമെന്നില്ല. അത് അനുകരണമാവും. പ്രവൃത്തിയുടെ വെളിച്ചം സ്വാംശീകരിച്ച് സ്വന്തം ഒറ്റയടിപ്പാതയിലൂടെ നടക്കുക. ക്ലേശപൂർണ്ണമാണ്. എങ്കിലും, ഓർക്കുക, നിങ്ങൾ സ്വയം വെളിച്ചമായി മാറും. വീണ്ടും മറ്റൊരാൾ നിങ്ങളിൽ നിന്നും ഈ വെളിച്ചം സ്വീകരിയ്ക്കും. അങ്ങനെയാണ് ഓരോരുത്തരും അവളവളുടെ വിളക്കായി തീരുന്നത്. ഗോതമബുദ്ധനും ഒരു ദീപമാണ്. നിങ്ങൾക്കും ഒരു ദീപമാകാം. അതാണ്, സാധാരണക്കാരിയായ, മഹദ്ഗ്രന്ഥങ്ങൾ ഒന്നും വായിയ്ക്കാത്ത രാധേടത്തിയെന്ന ദീപം. 'വെളിച്ചമേ നയിച്ചാലും', രാധേടത്തിയെന്ന വെളിച്ചം നോക്കിയല്ല നിങ്ങൾ പറയേണ്ടത്, നിങ്ങൾ സ്വയം വെളിച്ചമായിക്കൊണ്ടാണ്.

രാധേടത്തി സാധാരണക്കാരിയായിരുന്നു. ആവശ്യത്തിന് ശാഠ്യവും കുശുമ്പും കുനിഷ്ടും അവർക്കുമുണ്ടായിരുന്നു. അവരുടെ ശാഠ്യംമൂലം രണ്ട് പ്രതിസന്ധിഘട്ടങ്ങളെങ്കിലും ഉണ്ടായിട്ടുള്ളതായി എനിയ്ക്കറിയാം. രണ്ടാമത്തെ സന്ദർഭം ക്ലിനിക്കിന്റെ പ്രതിച്ഛായയെത്തന്നെ ബാധിച്ചേനെ. അത് പരിഹരിയ്ക്കപ്പെട്ടപ്പോൾ, അവരെന്നോട് ആശ്വാസത്തോടെ പറഞ്ഞു 'ഞാൻ ഉണ്ണിക്കണ്ണനോട് (ഗുരുവായൂരപ്പനോട്) രാപ്പകൽ പ്രാർത്ഥിയ്ക്കുകയായിരുന്നു. കണ്ണൻ രക്ഷിച്ചു!'. അവരുടെ ചില പിടിവാശികൾ ഞാൻ സൂത്രത്തിൽ പരിഹരിച്ചിരുന്നത്, അവർ എതിർക്കുമെന്ന് ഉറപ്പുള്ള കാര്യം ആദ്യമേ തന്നെ അവരുടെ മുമ്പിൽ അവതരിപ്പിച്ചാണ്. അതവർ സമ്മതിയ്ക്കും. കാര്യം നടത്തിയശേഷം അവരോട് പറഞ്ഞാൽ ഇഷ്ടമാവില്ലയെന്ന് എനിയ്ക്കറിയാമായിരുന്നു.

അവസാന നാളുകളിൽ രാധേടത്തി രോഗക്ലേശങ്ങളാൽ കിടപ്പിലായിരുന്നു. അവരെ ശ്രുശൂഷിച്ചിരുന്നത് ജീവിതപങ്കാളിയായ അനിയൻചേട്ടനും (അരവിന്ദാക്ഷൻ), തുടർന്ന് മൂത്തമകൻ അനിലും കൂടിയാണ്. അനന്യമായിരുന്നു അവരുടെ പരിചരണം. രാധേടത്തിയുടെ 'സൗന്ദര്യബോധത്തെ' അവർ

പൂർണ്ണമായും അനുസരിച്ചിരുന്നു. അനിൽ എന്നോട് പറഞ്ഞിട്ടുണ്ട് 'ദിവസം മൂന്ന് തവണയെങ്കിലും വസ്ത്രങ്ങൾ മാറ്റും, വിരിപ്പുകളും'. പാർക്കിൻസണും സ്മൃതിഭ്രംശവും ബാധിച്ച ശരീരത്തിന്റെ പ്രകൃത്യായുള്ള ജീർണ്ണതയെ ആർക്കാണ് തടഞ്ഞുനിർത്താനാവുക!

കൊല്ലക്കുടിയിലെ ചുന്ദൻ പാചകം ചെയ്ത് നൽകിയ കൂൺകറിയിലെ വിഷാംശം ആമാശയത്തിലെത്തി മണിക്കൂറുകളോളം വേദന അനുഭവിച്ചുകൊണ്ടാണ്, വേദന ഇല്ലാതാക്കാൻ വഴി കണ്ടെത്തിയ ഗോതമ ബുദ്ധൻ ശാന്തനായി നിർവ്വാണ പദത്തിലെത്തിയത്. ശ്രീരാമകൃഷ്ണപരമഹംസർ വായിൽ അർബുദവുമായി ക്ലേശിച്ചാണ് സമാധിയായത്. രമണ മഹർഷി കയ്യിന്റെ അർബുദം മൂർച്ഛിച്ചാണ് വിട പറഞ്ഞത്. ശ്രീനാരായണഗുരു പ്രോസ്റ്റേറ്റ് കാൻസർ ബാധിച്ചും. ജ്ഞാനിയുടെ ശരീരവും ജീർണ്ണതയിലാണൊടുങ്ങുക എന്ന സത്യം ഇത് നമ്മെ ഓർമ്മിപ്പിയ്ക്കുന്നു. ഒരായുസ്സു മുഴുവൻ നന്മ ചെയ്യുന്നത് ക്ലേശരഹിതമായി മരിയ്ക്കാനാണെന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ, അത് സേവനത്തിനുള്ള പ്രതിഫലം ചോദിയ്ക്കലാണ്. രാധേടത്തി, ഒരു പ്രതിഫലവും ചോദിയ്ക്കാത്തവരുടെ കൂടെയാണ്.

എങ്കിൽ ശരി, ക്രൂരത ചെയ്തവർക്ക് സുഖമൃത്യു കിട്ടുന്നതോ എന്ന ചോദ്യമുണ്ട്. മഹാപ്രകൃതി ലക്ഷ്യരഹിതയാണ്, പ്രപഞ്ചങ്ങളുടെ ഉൽപ്പത്തി തുടങ്ങി. പ്രകൃതിയ്ക്ക് മനുഷ്യരെ വേർതിരിച്ചു കാണാനുള്ള 'ജ്ഞാന'മില്ല.

സ്മൃതി ഭ്രംശത്തിലും രാധേടത്തിയ്ക്ക് ഓർമ്മ പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നില്ല. മരിയ്ക്കുന്നതിന് രണ്ട് മാസം മുമ്പ് എന്റെ ശബ്ദം കേട്ട ഉടനെ അവർ മുഖം തിരിച്ചറിഞ്ഞു. 'അരവിന്ദാക്ഷൻ, അരവിന്ദാക്ഷൻ' എന്ന് തുടർച്ചയായി മന്ത്രിച്ചു. അവരിലുള്ള സമൃദ്ധമായ ആതിഥ്യ മര്യാദ, 'അരവിന്ദാക്ഷന് അത് കൊടുക്കൂ, ഇത്കൊടുക്കൂ' എന്ന് ഉരുവിട്ടുകൊണ്ടിരുന്നു. അനിൽ അമ്മയെ കസേരയിൽ എടുത്തുവെച്ചിട്ടും, എന്റെ വിരലുകളിലുള്ള അവരുടെ പിടിവിട്ടിരുന്നില്ല. അമ്മ ശിശുവാകുന്ന അനുഭവം. അനിലാണ് എന്നിൽ നിന്നുള്ള പിടിവിടുവിച്ചത്. മരിയ്ക്കുന്നതിന് അഞ്ചുമണിക്കൂർ മുമ്പ് കാണുമ്പോൾ രാധേടത്തി മരണത്തിന്റെ ശാന്തതയിലേയ്ക്ക് നീങ്ങുകയാണ്.

പിറ്റേന്ന് ശാന്തിഘട്ടിൽ രണ്ടേകാലോടെ എത്തി. ആസകലം വെള്ളവസ്ത്രത്തിൽ മൂടിയ 'മരണവധുവിനെ' ശാശ്വതമായി സൗന്ദര്യവത്കരിയ്ക്കാൻ 'ഗ്യാസ്' കുഴലിലേയ്ക്ക് തള്ളുന്ന നിമിഷം. അഗ്നിയായി, ധൂളിയായി രാധേടത്തി ഭൂമിയിലെ ചരാചരങ്ങളിലേയ്ക്ക് പ്രവഹിയ്ക്കട്ടേയെന്ന പ്രാർത്ഥനയിൽ 'മരണസൗധ'ത്തിൽ നിന്ന് പുറത്തുകടന്നു. ശാന്തിഘട്ടിന്റെ അതിരുകളിലെ വൃക്ഷങ്ങൾ വിരലുകള നക്കി അവരെ സ്വാഗതം ചെയ്യുന്നു, ശാന്തമായി, മൗനമായി..... ഓരോ ഇലയ്ക്കും ഒരുമരണത്തിന്റെയല്ല, അനേകം മരണങ്ങളുടെ, മരണവധുക്കളുടെയും മരണവരന്മാരുടെയും ചിതാഭയുണ്ട്.

രാധേടത്തിയെക്കുറിച്ചുള്ള വാക്കുകൾ അപൂർണ്ണമായിട്ടെങ്കിലും അർദ്ധവിരാമത്തിലെത്തിയ്ക്കുവാൻ, രാധേടത്തിയുടെ ജീവിതപങ്കാളി അനിയൻചേട്ടന്റെ നിശ്ശബ്ദസാന്നിദ്ധ്യം അറിഞ്ഞേതീരൂ. അനിയൻ ചേട്ടൻ അല്ല രാധേടത്തിയുടെ പങ്കാളിയായിരുന്നതെങ്കിൽ, ഒന്നുകിൽ വിവാഹമോചനം, അല്ലെങ്കിൽ സേവനത്തിൽ അപൂർണ്ണമായ ഒരു രാധേടത്തി, ഇതാകുമായിരുന്നില്ലേയെന്ന് സംശയിയ്ക്കാറുണ്ട്. അനിയൻ ചേട്ടൻ രാധേടത്തിയെ തിരിച്ചറിഞ്ഞത് കാരണമാണ്, രാധേടത്തിയ്ക്ക് രാധേടത്തിയാകാൻ കഴിഞ്ഞത്. ഈ യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാകൂ. ഞാനടക്കമുള്ള പുരുഷ പ്രമാണിമാർക്ക് അനിയൻചേട്ടനിൽ നിന്ന് പഠിയ്ക്കാൻ ഏറെയുണ്ട്.

എഴുത്തു ജീവിതത്തിൽ നമ്മുടെ പാലിയേറ്റീവ് ക്ലിനിക്ക്, എനിയ്ക്ക് വിദ്യാലയമാണ്. വായനാനുഭവത്തെ ജീവിതാനുഭവങ്ങളുടെ ചാണയിൽ (Touch Stone) ഉരച്ച് വാക്കുകളാക്കി മാറ്റാനായത് ഇവിടെയെത്തുന്നമനുഷ്യരിലൂടെയാണ്. അതിന് എന്നെ പ്രാപ്തനാക്കിയ ഗുരുനാഥരിൽ ഒരാൾ രാധേടത്തിയാണ്. ആ പാദത്തിൽ തൊട്ടുകൊണ്ടാണ് 'ഓടക്കുഴൽ' അവാർഡ് സ്വീകരിയ്ക്കാൻ പോയത്. ഓരോ ഗുരുനാഥനിൽ നിന്നും ആവശ്യമായതേ സ്വീകരിയ്ക്കാവൂ. പിന്നീട് തിരസ്കരിച്ച് സ്വന്തം വഴി തേടാനുള്ള ഉള്ളും വേണം. ആരുടെ കാര്യത്തിലും.

ഈ ലേഖനത്തിന്റെ തലവാചകം 'വെളിച്ചമേ നയിച്ചാലും' എന്നത്, നിങ്ങളുടെ ഉള്ളിൽ നിന്നുള്ള വെളിച്ചമാണ്. രാധേടത്തി അത് മറന്നില്ല, ഒരിയ്ക്കലും. നിങ്ങളും ഞാനും മറക്കാതിരിയ്ക്കട്ടെ. 'വെളിച്ചമേ നയിച്ചാലും'.

●

# ‘എന്താടോ നന്നാവാത്തേ’

ഡോ. കവിത മുകേഷ്

‘എന്താടോ നന്നാവാത്തേ’..ടി വിയിൽ ചാനൽ മാറ്റി അലഞ്ഞുകൊണ്ടിരുന്ന മനസ്സ് ‘രാവണപ്രഭു’വിലെ മോഹൻലാലിന്റെ സംഭാഷണത്തിൽ തട്ടിനിന്നു.

ബിബിൻ 10 വയസ്സേയുള്ളൂ അവന്. മൊട്ടയടിച്ച തലയിൽ ഓപ്പറേഷന്റെ പാടുകൾ. മെലിഞ്ഞുണങ്ങി എല്ലും തോലുമായ ശരീരം. മസിലുകൾ ശോഷിച്ചുപോയ കൈകാലുകൾക്ക് ഒരുപാട് നീളമുണ്ടെന്ന് തോന്നും. മുക്കാലും അടഞ്ഞകണ്ണുകൾ. ഒട്ടിയ കവിൾ. മൂക്കിൽ ഭക്ഷണത്തിനായുള്ള ട്യൂബ്. ആശുപത്രിക്കിടക്കയിൽ അധികം അനക്കമൊന്നുമില്ലാതെ തുണികൊണ്ട് പുതച്ചുകിടത്തിയ ശോഷിച്ച ഒരുകുട്ടി ആൾരൂപം. അച്ഛനും അമ്മയും അമ്മമ്മയും കൂട്ടിയിരുപ്പുകാരായി കൂടെയുണ്ട്. നുറുങ്ങുന്ന ഹൃദയവേദനയുണ്ടെങ്കിലും ഒരു പുഞ്ചിരിയോടെ, അനിഷ്ടമൊന്നും പ്രകടിപ്പിയ്ക്കാതെ മകന്റെ അസുഖവിവരങ്ങൾ പറഞ്ഞുതരുന്ന അച്ഛൻ.

5 മാസംമുമ്പ് വരെ, ഓടിച്ചാടിയും ഫുട്ബോൾ കളിച്ചും ‘ഇല്ലുമിനാറ്റി’ പാടി നൃത്തം വെച്ചും നടന്നിരുന്ന പൊന്നോമന പുത്രൻ ഇന്നിവിടെ പാലിയേറ്റീവ് കെയർ ആശുപത്രിയിൽ, ജീവനുണ്ടെന്ന് പറയാൻ ശാസോച്ഛ്വാസം മാത്രമേ ബാക്കിയുള്ളൂ എന്ന അവസ്ഥയിൽ കിടക്കയിൽ വിധി എന്നാണോ നമ്മൾ ഇതിനെ വിളിയ്ക്കേണ്ടത്? ആണെങ്കിൽ എത്ര ക്രൂരമാണത്!

‘തലാമിക്ഗ്ലിയോമ’ അതാണത്രെ ബിബിന്റെ രോഗം. ഛർദ്ദിയും തലവേദനയുമായിതുടങ്ങി, തലയുടെ സ്കാനിങ്ങിലൂടെ ആദ്യം അസുഖംകണ്ടെത്തിയപ്പോഴും ചികിൽസിച്ചു ഭേദമാക്കാം എന്നായിരിയ്ക്കും വിചാരിച്ചത്. ഓപ്പറേഷനുകളും റേഡിയേഷനുകളുമായി ചികിത്സപുരോഗമിച്ചു. അച്ഛനുമമ്മയും ജോലി ഉപേക്ഷിച്ച്, മറ്റു രണ്ടുമക്കളെ അച്ഛച്ഛനെ ഏൽപ്പിച്ച് ഈ മകന്റെ ചികിത്സയ്ക്കായി ഓടി നടന്നു. നാട്ടുകാരും കൂട്ടുകാരും പള്ളിക്കാരുമെല്ലാം പണവും മറ്റുമായി സഹായിച്ചു. എന്നിട്ടും. ഒടുവിൽ ഡോക്ടർമാർ അറിയിച്ചു ഇതിനി സുഖപ്പെടുത്താനാവില്ല. കൂടുതലൊന്നും ചെയ്യാനില്ല. വീട്ടിലേയ്ക്ക് കൊണ്ടുപോയ്ക്കോളൂ, എന്ന്.

അതെ, ആർക്കും ഒന്നും ചെയ്യാനില്ല. എത്രമാത്രം നിസ്സഹായരാണ് നാം ഓരോരുത്തരും.

നാൾക്കുനാൾ മോശമായിക്കൊണ്ടിരിയ്ക്കുന്ന അവസ്ഥ. നല്ല ഓർമ്മയില്ല. ശരീരം അധികം അനക്കുന്നില്ല. ഒന്നുംമിണ്ടുന്നില്ല. ഇടയ്ക്ക് കണ്ണൊന്നനക്കും. ഛർദ്ദിയ്ക്കുന്നുണ്ട്. ഈ സ്ഥിതിയിലാണ്, ഇവിടെ പാലിയേറ്റീവിൽ കൊണ്ടുവന്നിരിയ്ക്കുന്നത്. അവനെ തിരിച്ച് ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ നമുക്കാർക്കും ഒന്നും ചെയ്യാനില്ല. പക്ഷെ, വല്ലാതെ ബുദ്ധിമുട്ടുണ്ടാകാത്ത ഒരുനല്ലമരണത്തിന് അവനെ നമ്മൾ സഹായിയ്ക്കണം മരണമെത്തുന്ന ആ നിമിഷംവരെ ജീവിയ്ക്കാനും.

സാന്ത്വന ചികിത്സയിലൂടെ ബിബിന്റെ അസ്വസ്ഥതകൾ കുറേശ്ശെ കുറയാൻ തുടങ്ങി. കണ്ണ് തുറന്നടച്ചും കൈ ചലിപ്പിച്ചും അവൻ പ്രതികരിയ്ക്കാൻ തുടങ്ങി. അവൻ ഏറ്റവും സന്തോഷവും സുരക്ഷിതത്വവും നൽകിയിരുന്ന സ്വന്തം വീട്ടിലേയ്ക്ക് മടക്കികൊണ്ടുപോകാനായിരുന്നു വീട്ടുകാരുടെ ആഗ്രഹവും നമ്മുടെതീരുമാനവും.

ഡിസ്ചാർജ്ജ് ചെയ്യുന്ന ദിവസം അവന്റെ പിറന്നാളായിരുന്നു. കഴിഞ്ഞവർഷം വരെ, പിറന്നാൾ ദിവസമാവാൻ കാത്തുകാത്തിരുന്ന്, ആ ദിവസം കേക്ക് മുറിച്ച് സഹോദരന്മാരോടും കൂട്ടുകാരോടും ഒപ്പം ആടിത്തിമർത്ത് നടന്നവൻ ഇന്ന് പിറന്നാളാണെന്ന് അറിയുന്നുണ്ടോ? അറിയുന്നുണ്ടെങ്കിൽ ഇപ്പോൾ അവന്റെ മനസ്സിൽ എന്തായിരിയ്ക്കും? നമുക്കറിയില്ല.

അന്നേദിവസം അവന്റെ ക്യൂബിക്കിൾ ബലൂണുകളും മറ്റുംകൊണ്ട് ചെറിയതോതിൽ അലങ്കരിച്ചു. പിറന്നാൾ തൊപ്പിയണിയിച്ച് അവനെക്കൊണ്ട് കേക്ക് മുറിപ്പിച്ചു. സ്റ്റാഫ് അംഗങ്ങളും മറ്റ് മുറികളിലെ കൂട്ടിരുപ്പുകാരും ചേർന്ന് അവന്റെ പിറന്നാൾ ആഘോഷിച്ചു.

ഇനിയൊരു പിറന്നാളിന് കാത്തുനിൽക്കാതെ, ആ കുഞ്ഞുജീവൻ എങ്ങോ പറന്നുപോയേക്കാം. ഉള്ള നിമിഷങ്ങളെ നല്ല ഓർമ്മകളാക്കി ജീവിതാവസാനം വരെ കരുതി വെയ്ക്കാൻ ആ അച്ഛനും അമ്മയ്ക്കും ഈ എളിയ പ്രവൃത്തിയിലൂടെ സാധിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി. കൃതജ്ഞതയോടെയുള്ള ഒരു ചിരിയോടെ, കയ്യിൽ പിടിച്ച് ആ അച്ഛൻ മകനെ ഡിസ്ചാർജ്ജ് ചെയ്ത്, നന്ദി പറഞ്ഞുപോയി.

ഒരാഴ്ചയ്ക്ക് ശേഷം ബിബിന്റെ വീട്ടിൽ ഹോം കെയറിന് പോയി. അവൻ കൂടുതൽ, കൂടുതൽ ചിന്താമഗ്നനായി കിടക്കുകയാണെന്ന് അച്ഛനമ്മമാർ പറഞ്ഞു. മുഖത്തെ ചിരി അശേഷം മാഞ്ഞിരിയ്ക്കുന്നു. തന്റെ അസുഖത്തെപ്പറ്റിയോ, ശേഷിയ്ക്കുന്ന നാളുകളെപ്പറ്റിയോ അവന് അറിയുമായിരിയ്ക്കുമോ? ഒന്നും അവനെ അറിയിയ്ക്കേണ്ട, മനസ്സ് വിഷമിപ്പിയ്ക്കേണ്ട എന്ന് കരുതിയ അച്ഛനമ്മമാരുടെ തീരുമാനം ശരിയായിരുന്നോ? അറിയില്ല. പക്ഷെ, തന്റെ അവസ്ഥയെപ്പറ്റിയുള്ള വിവരങ്ങൾ മറച്ചുപിടിച്ച് ചുറ്റുമുള്ളവരെല്ലാം കൂടി തന്നെ പറ്റിയ്ക്കുകയാണെന്ന് അവൻ ചിന്തിയ്ക്കുന്നുണ്ടെങ്കിലോ?

കുട്ടികൾ അവർ ശരിയ്ക്കും അത്ഭുതങ്ങളാണ്. അറിവുള്ളവർ എന്നഹങ്കരിയ്ക്കുന്ന മുതിർന്നവർക്ക്, ആഴവും പരപ്പും അളക്കാൻ ഒരിയ്ക്കലും സാധിയ്ക്കാത്ത ഒളിമുറികളാണ്. രണ്ടാമതൊരു ഓപ്പറേഷന്, കാര്യം മറച്ചുവെച്ച് കൊണ്ടുപോയ അച്ഛനോട് അവൻ ചോദിച്ചത്രെ 'അച്ഛൻ എന്നെ പറ്റിയ്ക്കുകയായിരുന്നോ?' എന്ന്. ഇന്ന് ഒന്നും ചോദിയ്ക്കുവാൻ അവന് കഴിയുന്നില്ല. എങ്കിലും, അവന്റെ ചോദ്യങ്ങൾ കൊണ്ടിടത്തു നിന്നും രക്തം പൊടിയുന്നുണ്ടാകണം.

അച്ഛാച്ഛൻ  കട്ടിളപ്പടിയിൽ നിന്ന് അവനെ നോക്കുന്നുണ്ട്. ആ കണ്ണുകൾ ഈറനാണ്. സിനിമ ഡയലോഗുകൾ ആസ്വദിയ്ക്കുന്നതും അനുകരിയ്ക്കുന്നതും ഹരമായിരുന്ന ബിബിൻ, അച്ഛാച്ഛനോട് സാധാരണ പറയുന്ന ഡയലോഗ് ആണത്രെ 'എന്താടോ നന്നാവാത്തേ?'. പറഞ്ഞവനും കേട്ടവരും പൊട്ടിച്ചിരിയിലേയ്ക്ക് കൂപ്പുകുത്തുന്ന ഭാവാഭിനയത്തോടെ.

ഓരോ മനുഷ്യന്റെയും ഭാഗധേയം നിർണ്ണയിയ്ക്കാൻ ഇരിയ്ക്കുന്ന ആരെങ്കിലും ഒരാൾ ഉണ്ടെങ്കിൽ, ഞാനും ചോദിയ്ക്കുന്നു 'എന്താടോ നന്നാവാത്തേ?'. ഈ ചെറിയരൂപത്തിലുള്ള വലിയ സ്നേഹത്തെ പ്രിയപ്പെട്ടവരിൽ നിന്നും തട്ടിയകറ്റാൻ എങ്ങനെ സാധിയ്ക്കുന്നു?

തിരിച്ചുപോരാനായി ഇറങ്ങുമ്പോൾ ഒന്നുകൂടി ബിബിന്റെ കട്ടിലിലേയ്ക്ക് തിരിഞ്ഞുനോക്കി. ഇനി ഒരിയ്ക്കൽകൂടി കാണാൻ സാധിയ്ക്കുമെന്ന് തോന്നുന്നില്ല. ഉള്ളിലൊരു പ്രാർത്ഥനമാത്രം കുഞ്ഞേ...... മടങ്ങുക........ സമാധാനമായി.

●

## 15.02.2025ൽ വലപ്പാട് ബീച്ചിൽ നടന്ന സ്നേഹസംഗമം



# ദൈവത്തിന്റെ വീട്

**അനഘ ജി.എം**

ഉള്ളിൽ ഒരുവിങ്ങലോടെയാണ് ഈ അക്ഷരങ്ങൾ കുറിയ്ക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നും പോവേണ്ടി വരുന്ന നൊമ്പരം. സമയവും സാഹചര്യവും ഒന്നും ആർക്കു വേണ്ടിയും കാത്തുനിൽക്കാറില്ലല്ലോ? എനിയ്ക്കും അത് ബാധകമെന്ന് ഞാൻ അറിയുന്നു.

കുറെനാളുകളായി ജീവിതത്തിൽ അന്ധകാരത്തെ ഓർമ്മിപ്പിയ്ക്കും പോലെ അസാധാരണത്വം നിറഞ്ഞ ഒരുലോകം എനിയ്ക്കുണ്ടായിരുന്നു. വേദനകൾമാത്രം 'തമ്പ്രാൻ' തരുന്നല്ലോ എന്ന് വിലപിച്ചിരുന്ന നാളുകൾ. ഒരു മാറ്റം സാദ്ധ്യമായിരുന്നെങ്കിൽ എന്ന് മനസ്സിൽ തോന്നിയിരുന്നു. അതിനായി പരിശ്രമിച്ചിരുന്നു. വിദേശത്തേയ്ക്ക് പോയി രക്ഷപ്പെട്ടാലോ എന്ന ചിന്ത അതിനിടയിൽ പൊട്ടിമുളച്ചു. ആ വഴിയ്ക്കുള്ള ശ്രമവും നടത്തി. നടപടികളെല്ലാം അതിന്റേതായ രീതിയിൽ ഘട്ടം ഘട്ടമായി പൂർത്തീകരിച്ചു. അപ്പോഴാണ്, 'പാലിയേറ്റീവ് കെയറിന്റെ' ഒരു സർട്ടിഫിക്കറ്റ് കൂടി ഉണ്ടായിരുന്നെങ്കിൽ നല്ലതായിരുന്നുവെന്ന് അറിഞ്ഞത്. ഒട്ടും ചിന്തിക്കേണ്ടി വന്നില്ല, അച്ഛൻ പോകുന്നതും ഒരു പാലിയേറ്റീവ് കെയറിലേയ്ക്കാണല്ലോ? 'ഒന്ന് ചോദിയ്ക്കച്ഛ' എന്ന് ഞാൻ. അച്ഛൻ ചോദിച്ചപ്പോൾ എന്നോട് നേരിൽ വരാൻപറഞ്ഞു.

ഏതൊരു സാധാരണ വ്യക്തിയെയും പോലെ ഞാനും അവിടെ കയറിച്ചെന്നു. ഒരു സർട്ടിഫിക്കറ്റ് കിട്ടണം, വിദേശത്ത് പോകണം എന്നലക്ഷ്യവുമായി. പക്ഷെ, അവിടെ എന്നെ കാത്തിരുന്നത് വേറൊരുലോകമായിരുന്നു. ജീവിതത്തിന്റെ അർത്ഥവും പ്രാധാന്യവും എന്നെ പഠിപ്പിച്ച ലോകം.

ആദ്യദിനങ്ങളിൽ തന്നെ എന്നിലുണ്ടായിരുന്ന അഹങ്കാരവും അഹംബോധവും പോയിക്കിട്ടി. ഒരുവിരൽത്തുമ്പിലൂടെപ്പോലും സ്നേഹവും സാമീപ്യവും പകരുന്ന ഡോക്ടർ. പ്രത്യേകം എടുത്തുപറയേണ്ട ഒരു വ്യക്തിത്വം. ഡോക്ടർ സജിത. ഡോക്ടർ സങ്കല്പങ്ങളെ കുത്തനെ മാറ്റിമറിച്ചിട്ട്, അക്ഷരം തെറ്റാതെ 'ഡോക്ടർ' എന്ന വിളിയ്ക്കാൻ പറ്റുന്ന വ്യക്തി. ദൈവത്തെകാണുന്നു എന്നൊക്കെ ഒരാൾക്ക് പറയാൻ സാധിയ്ക്കുന്ന ഒരിടം.

സ്പർശനത്തിന്റെ മന്ത്രികതയാണത്. ഹൃദയങ്ങൾ സ്പർശനത്തിലൂടെയും സാന്ത്വനത്തിലൂടെയും മനസ്സും വേദനയും ഇല്ലാതാക്കുന്ന സ്വർഗ്ഗം, വീട്. എന്റെ ആരൊക്കെയോ ആയിമാറിയ രോഗബാധിതസഹോദരങ്ങൾ. അവർക്കായി സംസാരിച്ചു. കരഞ്ഞു. കളിച്ചു. വേദനിച്ചു. എന്തിനുവേണ്ടി ഞാൻ അവരിലൊരാളായി? ചോദിച്ചാൽ ഉത്തരമില്ല. വിരൽത്തുമ്പിലൂടെ ഹൃദയത്തിൽ കയറിച്ചെല്ലുന്ന ഒരിടം. രോഗബാധിതനായ ഒരു വ്യക്തിയെ തൊടുകയെന്നത് മിക്കവരിലും അറപ്പ് ഉളവാക്കുന്ന ഒന്നാണ്. എന്നാൽ, രോഗബാധിതരെ തൊട്ടറിഞ്ഞ്, അവർക്ക് ജീവിതത്തിൽ ഒരുറപ്പ് കൊടുക്കുന്ന, അത്രമേൽ മനോഹരമായ കാഴ്ച, അതിവിടെയാണ്. 'ഹൃദയത്തിന്റെ ഭാഷയാണ് സ്പർശനം' എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അത് ഞാൻ നേരിൽ അറിഞ്ഞു.

ഈ ലോകം അതിന്റെ എല്ലാവിധ ശൂന്യതയോടും, തിരക്കുകളാൽ ആർക്കും ആരെയും പരസ്പരം അറിയാനും മിണ്ടാനും നേരമില്ലാക്കാലത്ത്, ഇവിടം ഇത്രയേറെ മനോഹരമായൊരിടം ദൈവത്തിന്റെ പൂങ്കാവനം എന്ന് ഞാൻ കരുതുമ്പോൾ, എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. അതെ, ആ തിരിച്ചറിവാണ് എന്നെ എനിയ്ക്ക് തിരിച്ചുതന്നത്, എന്നെ ഞാനാക്കി മാറ്റിയത് എന്നെനിയ്ക്ക് ഉറപ്പാണ്. ജീവിതത്തിന്റെ പകുതി സമയവും സേവനത്തിനായി മാറ്റിവെച്ച, ചിരിയ്ക്കുന്ന ഒരുപാട് മുഖങ്ങൾ സമൂഹത്തിൽ ഉന്നത പദവികളിൽ ഇരുന്ന വ്യക്തികൾ പോലും കൊച്ചുകുഞ്ഞുങ്ങളെപ്പോലെ ആകുന്ന നിമിഷങ്ങൾ.

ഡോ. കൃഷ്ണ ഇന്ന് പറഞ്ഞപോലെ, 'മാവിൽ ഫലങ്ങൾ നിറയുമ്പോൾ മാവിന്റെ ചില്ലതാഴ്ന്നേവരൂ' വളരെ ശരിയാണത്. എല്ലാവരും മാതൃകയാക്കേണ്ട നിരവധി വ്യക്തിത്വങ്ങൾ. എന്നെപ്പോലുള്ള ഒരുകൊച്ചുകുട്ടി അത്ഭുതത്തോടെ നോക്കിനിന്നിരുന്ന നിമിഷങ്ങൾ. അതെ, വ്യക്തി നന്നായാൽ സമൂഹത്തെ നന്നാക്കാൻ കഴിയും, അതിനായി

പ്രവർത്തിയ്ക്കാൻ കഴിയും എന്ന് ഞാൻ ഇപ്പോൾ ഉറച്ച് വിശ്വസിയ്ക്കുന്നു.

വേദനയിൽ ആശ്വാസമേകാൻ ചുരുങ്ങിയ സമയത്തിനുള്ളിൽ എനിയ്ക്കും സാധിച്ചു. ഇത്രയേ ഉള്ളൂ ഈ മനുഷ്യജീവിതം എന്ന് ഞാനും പഠിച്ചു. എന്റെ മുന്നിൽ ചിരിച്ച് സംസാരിച്ചിരുന്ന പലമുഖങ്ങളും പിന്നീട് ജീവനറ്റ ശരീരങ്ങളായി മുന്നിൽ കിടന്നപ്പോൾ, പ്രാണൻ പോകും വിധം ഞാനും വിതുമ്പി. ദൈവമേ, വിശാലമായ ഒരിടം അവർക്ക് കൊടുക്കണേ, വേദനകളും പരിഭവങ്ങളും ഇല്ലാത്ത ഒരിടം. എന്റെ സഹപ്രവർത്തകർക്കും ഇതിനായുള്ള ഊർജ്ജം തമ്പ്രാൻ കൊടുക്കണേ. അവരെ അനുഗ്രഹിയ്ക്കണേ.

ഇവിടെ നിന്ന് പോകുമ്പോൾ ഉള്ള് പിടയുന്നുണ്ട്. ഇരുമ്പ് കാന്തത്തിൽ പറ്റുന്നപോലെ എന്റെ മനസ്സും ശരീരവും ഒരുപാട് ബന്ധപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നു. എന്റെ ജീവിതത്തിൽ ഒരുപാട് ലക്ഷ്യങ്ങളുണ്ട്. ഇനി മുതൽ പാലിയേറ്റീവ്കെയർ സേവനം ഏത് രീതിയിലും നടപ്പാക്കുന്നതിൽ തീർച്ചയായും പങ്കാളിയാവും എന്ന ദൃഢനിശ്ചയം ഞാൻ എടുത്തിരിയ്ക്കുന്നു. ഈ 'ദൈവത്തിന്റെ വീട്' ഇനിയും ഒരുപാട് പേർക്ക് സാന്ത്വനവും ആശ്വാസവും നൽകട്ടെയെന്ന് മനസ്സറിഞ്ഞ് പ്രാർത്ഥിയ്ക്കുന്നു. അതിനുള്ള ശക്തി ദൈവം എല്ലാവർക്കും നൽകട്ടെ.

'മനുഷ്യാ, നീ മണ്ണാകുന്നു' എന്ന ആപ്തവാക്യം ഞാൻ ഓർക്കുന്നു. ഈ മണ്ണിൽ നിന്നും തല്കാലത്തേയ്ക്ക് പടിയിറങ്ങുന്നു. ഒരുനാൾ തിരിച്ചുവരും എന്ന ഉറപ്പോടെ.

●

# അനുസ്യൂതം തുടരുന്ന ശീലങ്ങൾ

**കമലാബായി**

**70** വർഷങ്ങൾക്ക് മുമ്പ് കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന ഒരു കുടുംബം. അച്ചാച്ചനും അമ്മൂമ്മയും അവരുടെ മക്കളും ചെറുമക്കളും ഒക്കെയായി 14 പേർ ഉള്ള ഒരുവീടിന്റെ ഡ്രൈവർ മൂത്തമകനും ചെത്തു തൊഴിലാളിയും ആയ എന്റെ അച്ഛനായിരുന്നു. കുഞ്ഞുമക്കൾ ആയ സഹോദരങ്ങളിൽ മൂത്തത് ഞാനായിരുന്നു. അതുകൊണ്ടുതന്നെ ഷെയറിങ്ങും സഹനവും പരിചരണവും കുട്ടിക്കാലം മുതലേ ശീലമായിരുന്നു. അതൊക്കെ ഏകാന്ത ജീവിതത്തിൽ എന്നെപാലിയേറ്റീവ് എന്ന പ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു. ഇതിനേക്കാൾ വലിയ പ്രചോദനം എന്റെ മരിച്ചുപോയ അമ്മൂമ്മ എന്നുവച്ചാൽ അമ്മയുടെ അമ്മ ആണ്. അവർ വളരെ അധ്വാനിച്ച് 9 മക്കളെവളർത്തി. എട്ടുപേരും നല്ല നിലയിൽ എത്തി ജീവിച്ചു.

ചെത്തു തൊഴിലാളിയായിരുന്നു അമ്മയുടെ അച്ഛനും. വീട്ടിൽ ചക്കും ചക്കാലയും കൊപ്ര ഉണക്കലും ഒക്കെ ആയി അമ്മയുടെ വീട്ടിൽ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ജോലി ചെയ്തിരുന്നു. രാത്രി ഭക്ഷണം അമ്മൂമ്മ വിളമ്പും. എല്ലാവർക്കും വിളമ്പുമ്പോൾ ഒരുപാത്രം കൂടുതൽ ചോറിടും. അതിൽ കറികളും ഉണ്ടാകും. വീട്ടിലുള്ളവർ ഊണ് കഴിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മൂമ്മയെ കാണാതാകും. തൊട്ടടുത്ത വീട്ടിൽ അതിദരിദ്ര്യനും രോഗിയുമായ ഒരുഗൃഹനാഥനും ഭാര്യയും മക്കളുമാണുള്ളത്. അവിടേയ്ക്കാണ് ഈ ചോറുപാത്രവുമായി പോകുന്നത്. അമ്മൂമ്മ മക്കളോട് പറയുമത്രേ 'ഇത് ഞാൻ നിങ്ങൾക്കായി നാളേയ്ക്ക് വേണ്ടിചെയ്യുന്നതാണ്' എന്ന്.

ഈ ശീലങ്ങൾ മനസ്സിൽ എങ്ങനെ പതിയാതിരിയ്ക്കും. ആ പാത പിന്തുടർന്നില്ലെങ്കിൽ അവരുടെ അനുഗ്രഹം എങ്ങനെ കിട്ടും. ഈ സാഹചര്യങ്ങൾ എല്ലാം എഴുപതാം വയസ്സിലും സാന്ത്വന കേന്ദ്രത്തിലേക്ക് വരുവാൻ എനിയ്ക്കൊരു പ്രചോദനമായി. എനിക്കു കിട്ടിയ ഈ പ്രചോദനം എന്റെ മക്കൾക്കും ചെറുമക്കൾക്കും പകർന്നു നൽകാൻ ആയില്ലെങ്കിൽ പിന്നെ എന്റെ ജീവിതത്തിന് എന്തു മതിപ്പാണുള്ളത്? ഇതിനൊക്കെ അവസരം കിട്ടിയതിന് മറ്റുള്ള എല്ലാവരോടും ഞാൻ കൃതാർത്ഥതയുള്ളവൾ ആയിരിക്കും.

●

# ധന്യമായ ഒരു സ്നേഹയാത്ര

കമല പത്മനാഭൻ (തയ്യാറാക്കിയത് സി.കെ. പ്രഭാവതി)

**144** വർഷത്തിൽ ഒരിയ്ക്കൽ മാത്രം നടക്കുന്ന മഹാകുംഭമേളയിൽ സ്നാനത്തിനായി, 5750 കിലോമീറ്റർ യാത്ര ചെയ്യാൻ 2025 ഫെബ്രുവരി 10ന് പുറപ്പെടുമ്പോൾ, ഞങ്ങൾ മൂന്ന് പെൺ സുഹൃത്തുക്കൾ ഒരുപാട് തയ്യാറെടുപ്പുകളോ കണക്കുകൂട്ടലുകളോ നടത്തിയിരുന്നില്ല. ഒരു പുരുഷ സാരഥിയുടെ സഹായത്താൽ ഇന്നോവ കാറിൽ ഗൂഗിൾ മാപ്പിന്റെ സഹായത്താൽ പകൽ മാത്രമുള്ള യാത്ര എന്നതായിരുന്നുതീരുമാനം. രാത്രികളിൽ വിശ്രമം. പാചകത്തിനുള്ള സാധനങ്ങളും കുറച്ച് വസ്ത്രങ്ങളും അത്യാവശ്യം മരുന്നുകളും കൂടെ കരുതി. കൈമുതലായി ആത്മധൈര്യവും.

പാലക്കാട്ടു നിന്ന് യാത്ര തുടങ്ങി. കോയമ്പത്തൂരും ഈറോഡും കടന്ന് സേലത്തെത്തിയപ്പോൾ ഒരു കടയോട് ചേർന്ന് വണ്ടി നിർത്തി ഭക്ഷണം പാകം ചെയ്ത് കഴിച്ചു. ആരും ചുറ്റും കൂടുകയോ എന്തെങ്കിലും പ്രതികരിയ്ക്കുകയോ ചെയ്തില്ല. അത് പിന്നീടുള്ള യാത്രയിൽ ആത്മധൈര്യം കൂട്ടി. തുടർന്ന് ധർമ്മപുരി, കൃഷ്ണഗിരി എന്നീസ്ഥലങ്ങൾ പിന്നിട്ട് 'മാസ്തി' എന്ന സുന്ദരമായ കാർഷിക ഗ്രാമത്തിലൂടെയായി യാത്ര. ആന്ധ്രയിലെ പുരാതന ഗ്രാമമായ 'ലേപക്ഷി'യായിരുന്നു അടുത്ത ലക്ഷ്യം. അവിടത്തെ ക്ഷേത്രങ്ങളിലെ ശില്പചാതുരി ആസ്വദിച്ചു. വിജയനഗരക്ഷേത്രസമുച്ചയങ്ങളിലെ കാഴ്ചകൾ ഏറെ വേദനിപ്പിച്ചു. പല ക്ഷേത്രങ്ങളും ശില്പങ്ങളും നശിപ്പിയ്ക്കപ്പെട്ട നിലയിലായിരുന്നു. വനാന്തരങ്ങളിലൂടെയുള്ള യാത്ര കണ്ണിനും മനസ്സിനും കുളിർമയേകി. തർക്കുണ്ടിൽ ഞങ്ങളെ വരവേറ്റത് മഞ്ഞപൂക്കളാൽ വർണ്ണാഭമായ കടുക് പാടങ്ങളും, അതിന് ശോഭ കൂട്ടിയ അസ്തമയ സൂര്യനുമായിരുന്നു. വർണ്ണാഭമായ കാഴ്ചകൾ മനസ്സിന് കുളിരേകി. ഞങ്ങൾ യാത്രതുടർന്നു.

ചിത്രകൂടം, രാംഘട്ട് കടന്ന് മന്ദാകിനി നദിയിലെ തെളിനീരിൽ സ്നാനം നടത്തി. സപ്തശില, അഘമർശനകുണ്ഡ്, ഭൂതലത്തിൽനിന്നും 100 അടി താഴ്ചയിലുള്ള വിന്ധ്യാശതപുരപ്രദേശം, ശ്രീ പരമഹംസരുടെ ആശ്രമം, ദീപപ്രഭയിലാറാടി മന്ദാകിനിയിലെ ആരതി. എല്ലാം മനസ്സ് കുളുർപ്പിച്ചു. ചിത്രകൂടത്തിലെ നിർമ്മോഹി അഖാഡയിലെത്തിയപ്പോൾ, ഞങ്ങൾ മൂന്ന് സ്ത്രീകളോട് വിശേഷങ്ങൾ തിരക്കി. ശ്രീ ശങ്കരാചാര്യരുടെ നാട്ടിൽ നിന്നാണല്ലോ എന്ന് ചോദിച്ചത് ഞങ്ങൾക്ക് അഭിമാനമായി. രാമായണവുമായി ബന്ധപ്പെട്ട നിരവധിസ്ഥലങ്ങളും ക്ഷേത്രങ്ങളും സന്ദർശിച്ചു. കവി തുളസീദാസൻ, തുളസീ രമായണവും ഹനുമാൻചാലീസയും രചിച്ച സ്ഥലവും ശിലാലിഖിതങ്ങളും കണ്ടു.

പ്രയാഗ്‌രാജ് എന്ന ലക്ഷ്യത്തിലേയ്ക്ക് അടുക്കുകയാണ്. എന്തെന്നില്ലാത്ത ആത്മീയ സന്തോഷം. ജനലക്ഷങ്ങൾ നിറഞ്ഞ സ്ഥലം. വിവിധ രാജ്യക്കാർ, വ്യത്യസ്തമായ ഭാഷകളും വേഷങ്ങളും. ട്രാഫിക് എങ്ങനെയാകും? വണ്ടിമുന്നോട്ട്പോകുമോ? എന്നെല്ലാമുള്ള ഭയം. ഇതെല്ലാം മുൻകൂട്ടികണ്ട് രണ്ടുദിവസത്തേയ്ക്കുള്ള വസ്ത്രങ്ങളും അത്യാവശ്യസാധനങ്ങളും കയ്യിലെടുത്തു. 12 കി. മീറ്റർ ദൂരം കൂടിയുണ്ട്. നടക്കേണ്ടിവന്നാൽ അതിനും തയ്യാറായി. ആ സമയത്ത് ഒരു പോലീസുകാരൻ വണ്ടി അവിടെ പാർക്ക് ചെയ്യാൻ പറഞ്ഞു. രാത്രിയാണ്. ഞങ്ങൾ മൂന്ന് സ്ത്രീകൾ മാത്രവും. ഇനി എന്തു ചെയ്യണമെന്ന് ഒരുനിമിഷം പകച്ചു. അപ്പോൾ ഒരു ചെറുപ്പക്കാരൻ ഞങ്ങളെ സമീപിച്ച് ഒരു ഓട്ടോറിക്ഷ ഏർപ്പാടാക്കിത്തന്നു. ഓട്ടോ ഡ്രൈവർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകി. തന്റെ മൊബൈൽ നമ്പർ നൽകി എന്താവശ്യമുണ്ടെങ്കിലും വിളിയ്ക്കണമെന്നും പറഞ്ഞു. അങ്ങനെ 10.30ന് പ്രയാഗ്‌രാജിൽ എത്തി.

നോക്കെത്താദൂരത്തോളം ടെന്റുകൾ മാത്രം. നാട്ടിൽ നിന്നും പുറപ്പെടും മുമ്പ് കാഞ്ചിമഠത്തിൽ താമസം ഏർപ്പാടാക്കിയിരുന്നു. എന്നാൽ അവരുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല. ചുറ്റും അഘോടകളുടെ ടെന്റുകൾ. ഇനിയെന്തു ചെയ്യണമെന്ന് അറിയാതെ നിൽക്കുമ്പോൾ അഗ്നിഅഘോടയിലെ ഒരുസ്വാമി ഞങ്ങളുടെ സഹായത്തിനെത്തി. എല്ലാ സൗകര്യങ്ങളുമുള്ള ഒരു ടെന്റും ചൂടുള്ള ഭക്ഷണവും നൽകി. അദ്ദേഹത്തെ മനസാനമിച്ചു.

സുഖമായി ഉറങ്ങി. പ്രഭാതത്തിലെ കൊടും തണുപ്പിൽ സ്നാനഘട്ടിലെത്തി പുണ്യസ്നാനം ചെയ്തു. മതിമറന്ന്, മനസ്സുനിറഞ്ഞ് മുങ്ങിക്കുളിച്ചു. എല്ലാ പാപങ്ങളും കഴുകിക്കളഞ്ഞെന്ന തോന്നൽ.

മോക്ഷം നേടിയ പ്രതീതി. ആ അനുഭൂതി അവാച്യമാണ്. 144 വർഷത്തിൽ ഒരിയ്ക്കൽ മാത്രം നടക്കുന്ന മഹാകുംഭമേളയുടെ ഭാഗമാകാൻ കഴിഞ്ഞു. ചിലർക്ക് മാത്രം, ആയുസ്സിൽ ഒരിയ്ക്കൽ സാധിയ്ക്കുന്ന അപൂർവ്വാനുഭവം. ആ മുഹൂർത്തത്തെ എങ്ങനെ വർണ്ണിയ്ക്കണമെന്ന് അറിയില്ല. വാക്കുകൾക്ക് അതീതമാണത്. അനുഭവിച്ചു തന്നെ അറിയണം. ഈ അനുഭവം ജീവിതാന്ത്യംവരെ ഒരു നിധി പോലെ കാത്തു സൂക്ഷിയ്ക്കും.

ഞങ്ങളുടെ ദൗത്യം പൂർത്തിയായി. ആ പുണ്യസ്ഥലത്തോട് വിടപറഞ്ഞു. ജനസമുദ്രത്തിനിടയിലൂടെ നടന്നു. വാഹനങ്ങളില്ല. ഞങ്ങളുടെ വാഹനത്തെയും സാരഥിയെയും അപ്പോഴാണ് ഓർത്തത്. പാർക്കിങ്ങിലെത്താനായി പോലീസുകാർ ഞങ്ങൾക്ക് രണ്ട് ബൈക്കുകൾ ഏർപ്പാടാക്കിത്തന്നു. അവർ യഥാസ്ഥാനത്ത് എത്തിച്ചു. ആ അനിയന്മാരോട് നന്ദി പറഞ്ഞു. ഞങ്ങളുടെ വണ്ടി കണ്ടു പിടിച്ചു. ഇതിനിടയിൽ സാരഥിയും പുണ്യസ്നാനം നടത്തിയെന്നറിഞ്ഞത് കൂടുതൽ സന്തോഷംനൽകി.

മടക്കയാത്രയും ഗ്രാമങ്ങളിലൂടെ മതിയെന്ന് നിശ്ചയിച്ചു. മദ്ധ്യപ്രദേശിലെ ഒരു സുന്ദരഗ്രാമത്തിൽ എത്തിയപ്പോൾ അവിടെ കണ്ട ഗ്രാമീണന്റെ അനുമതിയോടെ ഒരുമരത്തണലിൽ പാചകത്തിന് വട്ടം കൂട്ടി. അദ്ദേഹം പാടത്തുപോയി പച്ചക്കറികളും പഴങ്ങളും കൂടെ പാലും തൈരും ഞങ്ങൾക്ക് എത്തിച്ചു തന്നു. പല വീടുകളിൽ നിന്നുള്ള സ്ത്രീകൾ ഇറങ്ങിവന്ന് ഞങ്ങളുടെ വസ്ത്രങ്ങളും ഭാഷയും പാചകരീതികളും കൗതുകത്തോടെ നോക്കി നിന്നു. ഞങ്ങൾ കേരളത്തിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ, അവർ കേരളത്തെക്കുറിച്ച് കേട്ടിട്ട് പോലുമില്ല. കേരളത്തിലെ വിശേഷങ്ങൾ ഞങ്ങൾ അവരുമായി പങ്കുവെച്ചു. നാട്ടിൽ നിന്നും കൊണ്ടുപോയിരുന്ന കുറച്ച് മധുരപലഹാരങ്ങൾ അവർക്ക് നൽകി. പുറംലോകം എന്തെന്നറിയാത്ത, നാണംകുണുങ്ങികളായ ആ സ്ത്രീകൾ ഞങ്ങൾക്കൊപ്പം പാട്ടു പാടി, നൃത്തം ചവിട്ടി. മലകൾ, സുന്ദരമായ അരുവികൾ, കൃഷിയിടങ്ങൾ, ഗ്രാമങ്ങൾ, ആരാധനാലയങ്ങൾ, വ്യത്യസ്തമായ ഭാഷകൾ, വസ്ത്രരീതികൾ, ആഹാരങ്ങൾ, സംസ്കാരങ്ങൾ എല്ലാം കണ്ടറിഞ്ഞ് മടക്കയാത്ര തുടർന്നു.

വഴിയിൽ കുറച്ച് പഴങ്ങൾ വാങ്ങാനായി ഒരു കൊച്ചുകടയിൽ കയറി. ഫോട്ടോഗ്രാഫിയിൽ കമ്പമുള്ളതുകൊണ്ട് അങ്ങാടിയിൽ നടന്ന്ചിത്രങ്ങൾ എടുത്തു. അതിനിടയിലാണ് ഒരുകടയിൽ ഒരു ഭർത്താവും ഭാര്യയും ഇരിയ്ക്കുന്നത് കണ്ടത്. സ്ത്രീ സാരിത്തലപ്പുകൊണ്ട് തലമറച്ചിട്ടുണ്ട്. അവർ സൗഹൃദഭാവത്തിൽ ചിരിച്ചു. ഫോട്ടോ എടുക്കാൻ അനുവാദം തന്നു. ഞങ്ങളുടെ ക്ഷണം കാത്തു നിന്നപോലെ അവർ സംസാരം തുടങ്ങി. 'എനിയ്ക്ക് നിങ്ങളെ കണ്ടപ്പോൾ എന്റെ ബാല്യം ഓർമ്മവന്നു. ഞാൻ വീട്ടിൽ സ്വതന്ത്രയായ ഒരുപക്ഷിയായിരുന്നു. വിവാഹശേഷം ഒരുപാട് നിയന്ത്രണങ്ങൾ വന്നു. ഇതാ കണ്ടില്ലേ, സാരി കൊണ്ട് എപ്പോഴും തലമൂടണം.' അങ്ങനെ അവരുടെ വിവാഹശേഷമുള്ള ജീവിത കഥകൾ പങ്കുവെച്ചു. അവർ മനസ്സ് തുറക്കാൻ കാത്തിരുന്ന പോലെ. അതും തികച്ചും അപരിചിതരുടെ മുമ്പിൽ. ജാതിയോ മതമോ രാഷ്ട്രീയമോ ഉദ്യോഗമോ ഒന്നും തടസ്സമായില്ല. 'സ്നേഹം' എന്ന രണ്ടക്ഷരത്തിനു മുമ്പിൽ മറ്റെല്ലാം അടിയറവ് പറയും. അതാണ് അനുഭവം.

ചില സ്ഥലങ്ങളിൽ ഞങ്ങൾ ലോഡ്ജുകളിലാണ് താമസിയ്ക്കുക. ഡ്രൈവർ വണ്ടിയിലാണ് കിടക്കുക. സ്ത്രീകളെന്ന പരിഗണന ഈ യാത്രയിലുടനീളം ലഭിച്ചു. അവഗണന എവിടെയും ഉണ്ടായില്ല. അങ്ങനെ 12 ദിവസം നീണ്ട ഈ സാഹസിക യാത്രയ്ക്ക് പരിസമാപ്തിയായി.

സ്വന്തം ഗ്രാമത്തിൽ നിന്നും പുറപ്പെടുമ്പോൾ ഒരുപാട് മുനയുള്ള ചോദ്യങ്ങൾ നേരിട്ടു 'പെണ്ണുങ്ങൾ മാത്രമായി ഒരു യാത്രയോ? അതും കാറിൽ, ഒരു പുരുഷ സാരഥിയ്ക്കൊപ്പം? കിലോമീറ്ററുകൾ നീളുന്ന ട്രാഫിക് ബ്ലോക്കുകളിലൂടെ?' എന്നു തുടങ്ങി ഒരായിരം ചോദ്യങ്ങൾ ബന്ധുക്കളിൽ നിന്നും, സമൂഹത്തിൽനിന്നും. പക്ഷെ, ഞങ്ങൾക്ക് ഒരുലക്ഷ്യം ഉണ്ടായിരുന്നു. ഏത് പ്രപഞ്ചശക്തിയാണോ നമ്മളെ നയിയ്ക്കുന്നത്, ആ ശക്തിയിൽ ഞങ്ങൾ സ്വയം സമർപ്പിച്ചു. ആ നിശ്ചയദാർഢ്യം ഒന്നുകൊണ്ട് മാത്രമാണ്, അവിസ്മരണീയമായ ഈ യാത്ര ഞങ്ങളെ തേടിവന്നതും അത് വിജയകരമായി പൂർത്തിയാക്കാനായതും. മനസ്സുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്. ഓരോ യാത്രയും ഓരോ പാഠപുസ്തകമാണ്.

ഈ യാത്രയെ ധന്യമാക്കിയത് ഞങ്ങളുടെ കൂട്ടായ്മയും നിഷ്കളങ്കരായ ഗ്രാമീണരുടെ സ്നേഹവും എല്ലാറ്റിലുമുപരി എന്തുവന്നാലും നേരിടാമെന്നുള്ള മനക്കരുത്തുമാണ്. ജീവിയ്ക്കാൻ അത്രയധികം കരുതലൊന്നും ആവശ്യമില്ല. കയ്യിലുള്ള

തുകൊണ്ട് സന്തോഷമായി മുന്നോട്ട്പോകാം എന്ന പാഠവും ഈ യാത്രയിൽ പഠിച്ചു. ഓരോ കാൽ വെപ്പിലും സുരക്ഷിതമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കാനും പ്രകൃതിയെ ചൂഷണം ചെയ്യാതിരിയ്ക്കാനും ശ്രദ്ധിച്ചു. പ്രകൃതിയൊരുക്കിയ സുന്ദരദൃശ്യങ്ങൾ ആവോളം ആസ്വദിച്ചു. ഇതെല്ലം അനുഭവിച്ചറിയാതെ, ഈ ലോകം വിട്ടുപോവുന്നതെങ്ങനെ?

മാദ്ധ്യമങ്ങളിലൂടെ കാണുന്നതല്ല യാഥാർത്ഥ്യം. ഈ ലോകം നന്മകളാൽ സമൃദ്ധമാണ്. രക്ഷകരാണ് ശിക്ഷകരേക്കാൾ കൂടുതൽ. ഈ കേൾക്കുന്നതൊന്നുമല്ല ഇന്ത്യ എന്ന മഹാരാജ്യം. നമുക്ക് ചുറ്റും നന്മയുടെ ഒരു മഹാപ്രപഞ്ചം തന്നെയുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സജീവമായ ഞാൻ അത് നേരിട്ട് അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അതിന്റെ ഒരു പൂർത്തീകരണമാണ് ഈ യാത്രയിൽ അനുഭവിച്ചറിഞ്ഞത്.


'യാത്ര' എന്നാൽ മഹാത്ഭുതങ്ങൾ കാണുകയെന്നത് മാത്രമല്ല. ഗ്രാമങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലണം. ഗ്രാമീണരുമായി സംവദിയ്ക്കണം, അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കണ്ടറിയണം. നദികളെയും കാടുകളെയും തൊട്ടറിയണം. മഹാകുംഭമേളയിലെ പുണ്യസ്നാനം എന്ന ലക്ഷ്യത്തിനൊപ്പം ഇത്രയെല്ലാം ഒരു തടസ്സവുമില്ലാതെ സാധിച്ചതിൽ ചാരിതാർഥ്യമുണ്ട്. മനസ്സിൽ എന്നെന്നും മായാതെ സൂക്ഷിയ്ക്കുവാനുള്ള ഒരു യാത്ര. ഈ യാത്രാനുഭവങ്ങൾ സ്ത്രീ സമൂഹത്തിനായി സമർപ്പിയ്ക്കുന്നു.

●

# നൈതികതയുടെ സൗമ്യമുഖം

**കെ. അരവിന്ദാക്ഷൻ**

**തൃ**ശ്ശൂർ ജില്ലയിലെ വലപ്പാട് 19.9.1949ന് ജനിച്ചഎൻ.എൻ. ഗോകുൽദാസ്, 1972–2005 കാലയളവിൽഗുരുവായൂർ ശ്രീകൃഷ്ണകോളേജിൽ ജന്തുശാസ്ത്ര വിഭാഗം അദ്ധ്യാപകനായിരുന്നു. 1982 മുതൽ ഇന്നുവരെ അദ്ദേഹം ആരോഗ്യപ്രവർത്തനത്തിന്റെയുംസാമൂഹ്യ പ്രവർത്തനത്തിന്റെയും വ്യത്യസ്തമേഖലകളിൽ സന്നദ്ധസേവകനായി പ്രവർത്തിയ്ക്കുന്നു. 'ആരോഗ്യം മനുഷ്യന്റെ ജന്മാവകാശമാണ്' എന്നതാണ് അദ്ദേഹത്തിന്റെ അടിസ്ഥാനവീക്ഷണം. കാരുണ്യത്തിലൂന്നുന്ന മനുഷ്യാവകാശപ്രവർത്തനങ്ങളാണ് ഗോകുൽദാസ് ചെയ്തുപോരുന്നത്. ആരോഗ്യ മേഖലയിലെ സന്നദ്ധസേവനത്തെ അങ്ങനെയാണ്, ജീവകാരുണ്യത്തിൽ നിന്നുയർത്തി മനുഷ്യാവകാശ പ്രവർത്തനമാക്കി മാറ്റുന്നത്. ആരോഗ്യ പ്രവർത്തനം ഗോകുൽദാസിൽ സാമൂഹ്യപ്രവർത്തനത്തിന്റെ അതിരുകളുമായി ചേർന്ന് ധാർമ്മികമായ ഉൾക്കാഴ്ച നേടുന്നുണ്ട്. അപരനോടുള്ള സമീപനത്തിലെ ഈ ധാർമ്മികത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുണ്ട്.



എനിയ്ക്ക് സുഹൃത്തുക്കളുണ്ട്. ഉറ്റമിത്രങ്ങൾവളരെ കുറവ്. അവരിലൊരാൾ ഗോകുൽദാസ്. അദ്ദേഹത്തിന്റെ ഉറ്റസുഹൃത്താണ് ഞാൻ എന്ന് പറയുന്നതിൽ എനിയ്ക്ക് ഏറെ അഭിമാനമുണ്ട്. കാരണം, 1982 മുതൽ ഞാനറിയുന്ന ഗോകുൽദാസ് ഒരിയ്ക്കൽപോലും അധികാരത്തിന് മുമ്പിൽ കീഴടങ്ങിയിട്ടില്ല. ഇത്രയും സത്യസന്ധമായി, ഈ സത്യാനന്തരകാലത്ത് ജീവിയ്ക്കുക എന്നത് മൂർച്ചയുള്ളവാൾത്തലയിലൂടെ നടക്കുന്നതിന് സമാനമാണ്. അനീതി, അധർമ്മം എവിടെക്കണ്ടാലും അതിനെതിരെ നിൽക്കാനും പോരാടാനുമുള്ള ധാർമ്മികധീരത അദ്ദേഹത്തിലുണ്ട്. ഈ എഴുപത്തിയാറാം വയസ്സിലും, ഒരു പുരസ്കാരത്തിന്റെ പിന്നാലെയുംഅദ്ദേഹം പോയിട്ടില്ല. മൂന്നു വർഷം മുമ്പ് ഒരിയ്ക്കൽ അവാർഡിനായി

ഗോകുൽദാസിന്റെ ഒരു പുസ്തകം അയയ്ക്കുന്നതിനെപ്പറ്റി ഞാൻ ചോദിച്ചിരുന്നു. ഉടൻ മറുചോദ്യമുണ്ടായി, 'അരവിന്ദാക്ഷന്റെ പുസ്തകമാണെങ്കിൽ അയയ്ക്കുമോ?'

1982ലാണ് ഞാൻ ഗോകുൽദാസിനെ പരിചയപ്പെടുന്നത്. തൃശ്ശൂർമുനിസിപ്പൽ റോഡിലുള്ള ഒരു സ്ഥാപനത്തിന്റെ മുകൾനിലയിൽ കാബറെ നടത്തുന്നതിനെതിരെ നടത്തുന്ന പ്രതിഷേധ യാത്രയിൽ. അദ്ദേഹത്തിന്റെ പിന്നിലായിരുന്നു എന്റെ സ്ഥാനം. പരിചയപ്പെട്ടത് പ്രസവാസ്പത്രിയുടെ (ഇപ്പോഴത്തെ നമ്മുടെ ക്ലിനിക്ക്) മുമ്പിൽവെച്ച്. തുടർന്ന് തൃശ്ശൂരിൽ ട്രാൻസ്പോർട്ട് ബസ്സ്റ്റാൻഡിന് തൊട്ടുള്ള വാഞ്ചി ലോഡ്ജിലെ (ഇപ്പോഴില്ല) പ്രതികരണസംഘത്തിലും അവരുടെ ജനകീയ പ്രവർത്തനങ്ങളിലും ഞങ്ങൾ പങ്കാളികളായിരുന്നു. സാംസ്കാരികവേദി പിരിച്ചുവിട്ടതിന്ശേഷം, 1987ൽ ഗുരുവായൂരിനടുത്തുള്ള അരിയന്നൂരിൽ നടന്ന അടിസ്ഥാനതല പ്രവർത്തകരുടെ കൂടിച്ചേരലിൽ ഞങ്ങളുണ്ടായിരുന്നു. ബദൽ ആരോഗ്യപ്രവർത്തനം, ബദൽമാദ്ധ്യമം, ആദിവാസി ദളിത് പ്രശ്നങ്ങൾ, ബദൽ വിദ്യാഭ്യാസം, ബദൽ ആത്മീയത തുടങ്ങി കേരളത്തിന് ഒരു പുതിയ രാഷ്ട്രീയ സാംസ്കാരികപരിപ്രേഷ്യം ഒരുക്കുന്ന കൂടിച്ചേരലായിരുന്നു അത്.

പിന്നീട് 'മാനസി'യിലാണ് പരിചയം കൂടുതൽ മുറുകുന്നത്. 1982ൽ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിനോട് ബന്ധപ്പെട്ട് പ്രവർത്തിയ്ക്കാൻ തുടങ്ങിയ 'മാനസി'യുടെ സ്ഥാപക സെക്രട്ടറിയായിരുന്നു ഗോകുൽ ദാസ്. അന്തരിച്ച പ്രൊ. ജി കുമാരപിള്ള ചെയർമാനും മുൻ മുഖ്യമന്ത്രി സി അച്ചുതമേനോൻ ആദ്യ അംഗവും ഞാൻ ഒരു സന്നദ്ധസേവകനും ആയിരുന്നു. ശനിയാഴ്ചകളിൽ തൃശ്ശൂരിലെ മാനസികാരോഗ്യ കേന്ദ്രത്തിലെ വൃത്തിഹീനമായ മുറികൾ വൃത്തിയാക്കുക, അവരെ കുളിപ്പിയ്ക്കുക തുടങ്ങിയവയായിരുന്നു സേവന മേഖല. അന്ന് രാധേടത്തിയെ അവിടെ കണ്ടിട്ടുണ്ടെങ്കിലും ഗോകുൽദാസുമായാണ് അവർക്ക് അടുപ്പമുണ്ടായിരുന്നത്. കേരളത്തിന്റെ മാനസികാരോഗ്യ പ്രശ്നങ്ങളിൽ ചെറുതെങ്കിലും, പ്രസക്തമായ ചില ചുവടുകൾ വെയ്ക്കാൻ 'മാനസി'യ്ക്ക് സാധിച്ചു. അവിടത്തെ അന്തേവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിലേയ്ക്കായി സന്നദ്ധസേവനവും സാമൂഹ്യശാക്തീകരണവും നടത്തി. അതിന്റെ ഫലമായി ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ മുമ്പാകെ ഔദ്യോഗിക തലത്തിൽ അവിടുത്തെ പ്രശ്നങ്ങൾ അവതരിപ്പിയ്ക്കാൻ 'മാനസി'യ്ക്കായി. 1986ൽ 'മാനസി'യുടെ പ്രവർത്തനം നിലച്ചു.

'ജനനീതി'യാണ് ഗോകുൽദാസിന്റെ മറ്റൊരു കർമ്മമണ്ഡലം. 1992ൽ രൂപം കൊണ്ട 'ജനനീതി'യുടെ സ്ഥാപകാംഗമാണ് അദ്ദേഹം. 2008 മുതൽ 2017 വരെ തുടർച്ചയായി അതിന്റെ ചെയർമാനായിരുന്നു. 'ജനനീതി' ഇടപെട്ടിരുന്ന സാമൂഹ്യവും ആരോഗ്യപരവുമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ ഒപ്പം പ്രവർത്തിച്ചു. 'ആരോഗ്യം പൗരന്റെ അവകാശമാണ്' എന്ന ബോദ്ധ്യം പൊതുസമൂഹത്തിൽ എത്തിയ്ക്കാൻ അദ്ദേഹം കാരണമായി.

പാലിയേറ്റീവ് ക്ലിനിക്കിൽ വെച്ചാണ് (1997 മുതൽ) ഞങ്ങളുടെ സ്നേഹബന്ധം കൂടുതൽ ആഴത്തിലും പരപ്പിലും വികസിയ്ക്കുന്നത്. നമ്മുടെ സൊസൈറ്റിയുടെ സ്ഥാപകാംഗമാണ് അദ്ദേഹം. അതിന്റെ മാനേജിങ് കൗൺസിൽ അംഗമായി വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. 2005–2008 വരെയുള്ള ക്ലിനിക്കിന്റെ പ്രശ്നസങ്കീർണ്ണമായ വർഷങ്ങളിൽ ഗോകുൽദാസും ഞാനും ഒരുപാട് ഔദ്യോഗിക കേന്ദ്രങ്ങൾക്ക് മുമ്പിൽ ക്ഷമയോടെ കാത്തിരുന്നിട്ടുണ്ട്. അക്കാലത്ത്, ഒരു വ്യത്യസ്തനായ മനുഷ്യനെ ഗോകുൽദാസിലൂടെ അറിയുകയായിരുന്നു. ജീവിതത്തിലെ നിസ്സാര കാര്യങ്ങൾ പോലും ഞങ്ങൾ പരസ്പരം പങ്കിട്ടിട്ടുണ്ട്. ഗോകുൽദാസിന്റെ ശാരീരിക ധീരതയും കർമ്മധീരതയും അചഞ്ചലമാണ്. യാതൊന്നും ഒളിച്ചുവെയ്ക്കുന്നവനല്ല അദ്ദേഹം. ആരെയും വിശ്വസിയ്ക്കും. ഒരാളെപ്പോലും ഗോകുൽദാസ് അവിശ്വസിച്ചിട്ടില്ല.

കഴിഞ്ഞ 28 വർഷമായി സേവനതിരതനായ ഗോകുൽദാസിന്റെ സാന്നിദ്ധ്യം പാലിയേറ്റീവ് കെയറിന്റെ എല്ലാ രംഗങ്ങളിലും ഉണ്ട്. ലിഫ്റ്റ് സ്ഥാപിയ്ക്കുന്നതുവരെ, 2008 മുതൽ 2011 വരെ നമ്മുടെ കിടത്തിച്ചികിത്സ വിഭാഗത്തിലേയ്ക്ക് രോഗബാധിതരെ സ്ട്രക്ച്ചറിൽ കിടത്തി ചുമന്ന് കൊണ്ടുപോകുന്നതിനും, അവരെ കുളിപ്പിയ്ക്കുന്നതിനും, മാനസികസൗഖ്യം നൽകുന്നതിനും, പൊതുസമൂഹത്തിൽ ബോധവൽക്കരണ ക്ളാസ്സുകൾ എടുക്കുന്നതിനും ആ കർമ്മകുശലത കാണാവുന്നതാണ്. പതിനൊന്ന് കൊല്ലമായി അർബുദത്തിന് കീഴ്പ്പെട്ട് അതിജീവനം നടത്തുന്ന ഗോകുൽദാസ് കടുത്ത വേദനയ്ക്കിടയിലും പുഞ്ചിരിയോടെ ഈ രംഗത്ത് സേവനം തുടരുന്നു.

1995 മുതൽ 20 വർഷക്കാലം എച്ച്ഐവി, എയ്ഡ്സ് മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട്, പൊതുസമൂഹത്തിൽ ഈ രോഗത്തെപ്പറ്റി ഗോകുൽദാസ് ബോധവൽക്കരണം നടത്തി. എയ്ഡ്സ് ബാധിതരായ വ്യക്തികൾ, സാമൂഹ്യമായി ബഹിഷ്കരിയ്ക്കപ്പെട്ട അവസരങ്ങളിലെല്ലാം ലിംഗം, ജാതി, മതം, വർഗ്ഗം എന്നിവയൊന്നും നോക്കാതെ അവർക്കൊപ്പം നിന്ന് ആവശ്യമായ എല്ലാ പിന്തുണയും നൽകി. ഈ വിഷയത്തിൽ സംസ്ഥാനത്തെ ആദ്യ non-medical ഫാക്കൽട്ടികളിൽ ഒരാളായിരുന്നു ഗോകുൽദാസ്.

സ്ത്രീ ലൈംഗിക തൊഴിലാളികളുടെ ഗുരുനാഥനും സ്നേഹിതനും രക്ഷാകർത്താവുമായിരുന്നു ഗോകുൽദാസ്. അവർക്ക് പണം നൽകിയും അഭയം നൽകിയും അവരോടൊപ്പം ഭക്ഷണം പങ്കിട്ടും അദ്ദേഹം അവർക്ക് വൈദ്യോപദേശങ്ങൾ നൽകി. അവരുടെ അവകാശങ്ങൾക്കായി അവരോടൊപ്പം ചേർന്ന് പ്രവർത്തിച്ചു. കേരളത്തിലുടനീളം അഞ്ഞൂറോളം ബോധവൽകരണ ക്ലാസ്സുകൾ നൽകി. അദ്ദേഹത്തിന്റെ കൂടെ നടക്കുമ്പോൾ എനിയ്ക്ക് പോലും സംശയമാകും, എനിയ്ക്ക് എയ്ഡ്സ് ഉണ്ടോയെന്ന്. അദ്ദേഹത്തിന് അവരുമായി അത്ര താദാത്മ്യപ്പെടലാണ് ഉണ്ടായിരുന്നത്. കേരളത്തിൽ ഈ മേഖലയിൽ ഇത്രത്തോളം ആത്മസമർപ്പണം ചെയ്തവർ വേറെ ആരുമില്ല.

1996ൽ കെ രഘുനന്ദനും ഭാര്യ രമ രഘുനന്ദനും ചേർന്ന് കുന്നംകുളം കേന്ദ്രമായി രൂപീകരിച്ച ഹീമോഫീലിയ സൊസൈറ്റിയിൽ 2006 മുതൽ ഗോകുൽദാസ് സന്നദ്ധസേവനം നടത്തിവരുന്നുണ്ട്. ഹീമോഫീലിയ രോഗം മൂലം യാതനയനുഭവിയ്ക്കുന്നവർക്ക് അദ്ദേഹം ഇന്നും ഒരഭയകേന്ദ്രവും ആശ്രയവുമാണ്.

ജന്തുശാസ്ത്രമാണ്ഗോകുൽദാസിന്റെവിഷയം. ഞാനുംഒരുജന്തുശാസ്ത്രവിദ്യാർത്ഥിതന്നെ. ഗോകുൽദാസിന്റെശാസ്ത്രവിഷയങ്ങളിലുള്ളസൈദ്ധാന്തികഅടിത്തറകർശനം, കൃത്യം, സമഗ്രം. ശാസ്ത്രത്തിനോടുള്ള ഈ സമീപനം, അദ്ദേഹത്തെ ദൈവങ്ങളിൽനിന്ന് അകറ്റി. ദൈവം ഒരു DELUSION ആണെന്നാണ് അദ്ദേഹം ഉറക്കെ പ്രഖ്യാപിയ്ക്കുക.

അദ്ദേഹം തീർത്തും ഒരു സെക്കുലറിസ്റ്റാണ്. നമ്മുടെ പെയിൻ & പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ സെക്കുലറിസ്റ്റ് പ്രതിച്ഛായ കണ്ണിന്റെ കൃഷ്ണമണിയായി കാത്തുസൂക്ഷിയ്ക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് പ്രധാനമാണ്. അതിനുവേണ്ടി എത്ര അടുപ്പക്കാരനോടും 'ഏറ്റുമുട്ടാൻ' അദ്ദേഹത്തിന് വൈമുഖ്യമില്ല.

രാജഗോപാലാചാരിയുടെ 'മഹാഭാരത' വ്യാഖ്യാനത്തിലാണെന്നാണ് ഓർമ്മ, ഒരിയ്ക്കൽ വ്യാസനും മകനായ ശുകമഹർഷിയും ഒരു തടാകക്കരയിലൂടെ നടന്നു പോകുകയായിരുന്നു. അപ്സരസുന്ദരികൾ ഉടയാടകൾ കരയിൽ അഴിച്ചുവെച്ച് നീരാടുകയാണ്. നടന്നുവരുന്ന ശുകനെ അവർ ശ്രദ്ധിച്ചതേയില്ല. പിന്നാലെയുള്ള വ്യാസനെ കണ്ടതും അപ്സരസ്സുകൾ ഓടിച്ചെന്ന് വസ്ത്രങ്ങളുടുത്തു, നാണം മറച്ചു. കാമനകൾ അടങ്ങിയ ശുകനെയാണ് ഞാൻ ഗോകുൽദാസിൽ കാണുന്നത്. സൗമ്യൻ, മന്ദസ്മിതൻ.

പ്രൊ. എൻ.എൻ. ഗോകുൽദാസിന്റെ പുസ്തകങ്ങൾ താഴെ കൊടുക്കുന്നു.

**പുസ്തകങ്ങൾ**

1. ബയോടെക്നോളജി -ശാസ്ത്രവും രാഷ്ട്രീയവും
2. എയ്ഡ്സ് - രോഗവും സമൂഹവും
3. പുകയില - ദുരന്തത്തിലേയ്ക്കുള്ള കുറുക്കുവഴി
4. മദ്യപാനികൾക്ക് സ്നേഹപൂർവ്വം
5. മയക്കുമരുന്നുകളുടെ ലോകം
6. കാൻസർ - രോഗം ശാസ്ത്രം, സമൂഹവും
7. എയ്ഡ്സ് - രതിജന്യരോഗങ്ങളും പ്രശ്നങ്ങളും
8. രക്തം പ്രാണനാകുന്നു -ഹീമോഫീലിയയും മറ്റു രക്തസ്രാവവൈകല്യങ്ങളും

**വിവർത്തനങ്ങൾ**

1. ബയോടെക്നോളജിയും കൃഷിയുടെ ഭാവിയും
2. കീടനാശിനികളും നിങ്ങളും
3. ആന്തമാനിലെ ജരാവകൾ (കുസുമം ജോസഫും ചേർന്ന്)

ഉടൻ പുറത്തിറങ്ങുന്ന വിവർത്തനങ്ങൾ

1. The Remarkable Life of the Skin
2. The Painful Truth
3. The Immune Mind

*(ഹീമോഫീലിയ സൊസൈറ്റിയുടെ 2024ലെ സമഗ്രസംഭാവന പുരസ്കാരജേതാവായ പ്രൊ. എൻ.എൻ. ഗോകുൽദാസിനെപറ്റി ഒരു കുറിപ്പ് പാലിയേറ്റീവ്കെയറിന്റെ 'റീച്ചിങ്ഔട്ട്' പ്രസിദ്ധീകരണത്തിൽ കൊടുക്കണമെന്ന് അഭ്യുദയകാംക്ഷികൾ താല്പര്യപ്പെടുകയുണ്ടായി. അതാണ് ഈ കുറിപ്പെഴുതാനുള്ള സാഹചര്യം)*

# എന്താണ് വൈദ്യധർമ്മം?

**ഡോ. കൃഷ്ണ സുരേഷ് ബാബു**

'ഒരു വൈദ്യവിദ്യാർത്ഥി വായിച്ചിരിയ്ക്കേണ്ട പുസ്തകമാണ്. എല്ലാവരും വായിയ്ക്കണം.' ഇതായിരുന്നു സ്വസ്ഥവൃത്തം (കമ്മ്യൂണിറ്റിമെഡിസിൻ) വകുപ്പ് മേധാവിയായിരുന്ന ജോൺസൺ സാർ പറഞ്ഞത്. ആ നിർദ്ദേശം അനുസരിച്ചാണ് ആ പുസ്തകം വാങ്ങിയത്. അത് അങ്ങനെതന്നെ വെച്ചു. ഏതൊരു പുസ്തകവും വായിയ്ക്കുന്നതിന് മുമ്പ് എഴുത്തുകാരനെയും ഉള്ളടക്കത്തെയും കുറിച്ച് അറിയുന്നത് ഒരു ശീലമാണ്. അങ്ങനെയാണ് 'ആരോഗ്യനികേതനം' താരാശങ്കർബന്ദോപാദ്ധ്യായ എഴുതിയ ബംഗാളി നോവൽ ആണെന്നും അതിന്റെ മൊഴി മാറ്റമാണ് വായിയ്ക്കുന്നത് എന്നും മനസ്സിലായത്.

ബംഗാളിലെ ഒരു ഗ്രാമത്തിൽ ദീർഘകാലമായി ആയുർവ്വേദ വൈദ്യനായി സേവനം അനുഷ്ഠിയ്ക്കുന്ന ജീവൻമശായ് ആണ് പ്രധാനകഥാപാത്രം. തന്റെ അച്ഛനിൽനിന്നും ആയുർവ്വേദത്തിന്റെ ബാലപാഠങ്ങൾ പഠിച്ചയാളാണ് അദ്ദേഹം. പാഠങ്ങൾ വെറുതെ പഠിയ്ക്കുക മാത്രമല്ല, അത് ഉൾക്കൊണ്ടുകൊണ്ട് സത്യസന്ധമായി പ്രയോഗിച്ച് ജീവിയ്ക്കുന്ന, മനുഷ്യസ്നേഹിയായ ഒരു വൈദ്യനാണ് അദ്ദേഹം എന്ന് നോവലിൽ ഉടനീളം എഴുത്തുകാരൻ ഓർമ്മിപ്പിയ്ക്കുന്നു. രോഗങ്ങൾക്കാണ് താൻ മരുന്ന് കൊടുക്കുന്നത്, മരണത്തിനല്ലഎന്ന് ഉത്തമബോദ്ധ്യമുള്ള വൈദ്യൻ.

മറുവശത്ത് ഡോ. പ്രദ്യോദ് എന്ന യുവ അലോപ്പതി ഡോക്ടർ തന്റെ കഴിവുകളെ എവിടെയെങ്കിലും പ്രദർശിപ്പിയ്ക്കാൻ, യുവത്വത്തിന്റെ ചോരത്തിളപ്പിൽ വെമ്പൽകൊള്ളുന്ന വ്യക്തിയാണ്. ജീവൻമശായ് എന്ന വൃദ്ധ ആയുർവ്വേദ വൈദ്യൻ കാലഹരണപ്പെടുന്നതും, യുവഅലോപ്പതി ഡോക്ടർ ആകർഷണീയനാകുന്നതും നോവലിൽ കാണാം. നോവലിസ്റ്റ് അവർക്കു തമ്മിൽ ഇത്രയും പ്രായവ്യത്യാസം കൊടുത്തതുതന്നെ ആയുർവ്വേദത്തിന്റെ പാരമ്പര്യവും അലോപ്പതിയുടെ ആധുനികതയും വിളിച്ചറിയിയ്ക്കാൻ വേണ്ടിയാണോ എന്ന് തോന്നും.

വായനയുടെ പല ഘട്ടങ്ങളിലും ഇവർ രണ്ടുപേരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളും ചിന്താഗതികളിലുള്ള അന്തരങ്ങളും കാണാം. രണ്ട് ചികിത്സാരീതികൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്നതിലുപരി, രണ്ട് വ്യക്തിത്വങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളായി അവയെ വിലയിരുത്താം. ചികിത്സ കച്ചവടമായി മാറുന്ന കാലത്ത് രോഗിയുടെ ഗുണമേന്മയ്ക്കായുള്ള സേവനമായി മാറുന്നതാണ് അഭികാമ്യം. രണ്ട്പേരും തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ രണ്ട് ചികിത്സാരീതികളുടെ മൂല്യവിചാരങ്ങളായി മാറുന്നതും ഈ നോവലിൽ കാണാം.

നാഡി വൈദ്യം എന്ന നാഡി പരീക്ഷ മൺമറഞ്ഞു പോകുന്ന ഒരു ആയുർവ്വേദ ശാഖയാണ്. നോവലിസ്റ്റ് അത് മനോഹരമായി വിശകലനം ചെയ്യുന്നുണ്ട്. രോഗിയുടെ നാഡിസ്പന്ദനത്തിലൂടെ, രോഗം ബാധിച്ച ജീവന്റെ കാലൊച്ചയും രോഗത്തിന്റെ സ്വരൂപവും കാലത്താൽ ആക്രമിയ്ക്കപ്പെട്ട ജീവന്, ഇനി പോകാനുള്ള ദൂരവും ജീവൻമശായിയ്ക്കറിയാം. അതിലൂടെ ആ വൈദ്യൻ എത്രത്തോളം ആഴത്തിൽ ശാസ്ത്രത്തെ മനസ്സിലാക്കിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെടുത്തുന്നു.

മറ്റുള്ളവരിൽ പ്രയോഗിയ്ക്കുക മാത്രമല്ല, പഠിച്ചതെല്ലാം തനിയ്ക്കും ബാധകമാണ് എന്ന ഉത്തമബോധ്യവും അദ്ദേഹത്തിനുണ്ട്. സ്വന്തം നാഡിപിടിച്ചു നോക്കി, തന്റെ ആയുസ്സിന്റെ അവസാന ദിവസം നിർവ്വചിയ്ക്കുന്നതും അത് കേട്ട് നിസ്സഹായയായ ഭാര്യയെ എങ്ങനെ ആശ്വസിപ്പിയ്ക്കണമെന്ന് അറിയാതെ നിൽക്കുമ്പോൾ, തന്റെ രോഗികൾക്കും അവരുടെ ബന്ധുമിത്രാദികൾക്കും ഇതേ അവസ്ഥതന്നെയായിരുന്നല്ലോ എന്ന് പറയു

ന്നതിൽ അനുതാപം എന്ന വികാരത്തിന്റെ ശരിയായ രൂപമാണ് കാണുന്നത്. സ്വയം മറന്ന്, മുന്നിലുള്ള രോഗികളും താനും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്ന് ചിന്തിയ്ക്കുന്ന വൈദ്യൻ, ഇന്നത്തെ കോർപ്പറേറ്റ് ലോകത്തിൽ അന്യമാണ്.

'ലാഭാനം ഉത്തമം കിം?' (ലാഭങ്ങളിൽ ശ്രേഷ്ഠമായത് എന്ത്?) എന്ന ചോദ്യത്തിന് 'ലാഭാനം ഉത്തമം ആരോഗ്യം' എന്ന മഹത് വാക്യം നോവലിന്റെ ആദ്യഭാഗങ്ങളിൽ പരാമർശിയ്ക്കുന്നു. ആരോഗ്യമില്ലെങ്കിൽ മറ്റൊന്നും തന്നെ ഇല്ലെന്നും ആരോഗ്യമാണ് ശ്രേഷ്ഠമായ സ്വത്ത് എന്നും ഇന്നത്തെലോകം മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിയ്ക്കുന്നു. വൈദ്യശാസ്ത്രം എത്രത്തോളം വളർന്നാലും ആയുസ്സിന്റെ അവസാനം മരണം തന്നെയാണ്. അത് തടഞ്ഞുനിർത്താനാകില്ല. മരണം പരമമായ സത്യമാണ് എന്ന് നോവലിസ്റ്റ് നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിയ്ക്കുന്നു. അപകടത്തിലുള്ള ജീവനെ രക്ഷിയ്ക്കുകമാത്രമല്ല, മരണത്തിലേയ്ക്ക് പൊയ്കൊണ്ടിരിയ്ക്കുന്ന വ്യക്തിയ്ക്ക് ഏറ്റവും സുഖപ്രദമായ രീതിയിൽ അതിനെ സമീപിയ്ക്കാൻ സാദ്ധ്യമാക്കുക എന്നതും വൈദ്യധർമ്മമാണ്. പലപ്പോഴും ഈ സത്യംമറന്നുപോയി, എന്തോ അമാനുഷിക ശക്തി ഉണ്ടെന്നുതെളിയിയ്ക്കാനുള്ള തത്രപ്പാടിൽ മനുഷ്യൻ പെട്ടുപോകുന്നു.

നോവലിന്റെ പലയിടങ്ങളും, പാലിയേറ്റീവിൽ നിന്നും എഴുതിയ കഥയാണോ ഇത് എന്ന് തോന്നിപ്പിയ്ക്കുന്നുണ്ട്. രോഗിയുടെ അവസാനഘട്ടത്തിൽ കാണുന്ന നിസ്സഹായാവസ്ഥ, രോഗിയുടെ പരിചാരകരെ ജീവന്റെ അന്ത്യം പറഞ്ഞു മനസ്സിലാക്കുക എന്ന ദൗത്യം, അത് ഒരു വൈദ്യനിൽ ഉണ്ടാക്കുന്ന മാനസിക സമ്മർദ്ദം എന്നിവ വളരെ ആഴത്തിൽ നോവലിസ്റ്റ് പറയുന്നുണ്ട്. ഒരു ചെറിയ കുട്ടിയുടെ നാഡിപിടിച്ചു നോക്കിയ ശേഷം എന്താണ് പറയേണ്ടത് എന്ന് ആലോചിച്ച് നിസ്സഹായനായി നിൽക്കുന്ന മശായിയെപോലെ, പലസന്ദർഭങ്ങളും ഇവിടെ ഈ പാലിയേറ്റീവിൽ നേരിട്ട് കാണുന്നുണ്ട്. ഓരോ ദിവസവും നാം കാണുന്ന, മരണം കാത്ത് കിടക്കുന്ന നിസ്സഹായരായ പലമുഖങ്ങളും ഈ നോവലിൽ കാണാം.

'ഗംഗാതീരത്തേയ്ക്ക് കൊണ്ടുപോകൂ' എന്ന പലരോഗികളോടും ജീവൻമശായി പറയുന്നത് ആക്ഷേപത്തിന് കാരണമാകുമ്പോൾ, തന്റെ ധർമ്മമാണ് അദ്ദേഹം ചെയ്യുന്നത് എന്ന് വായനക്കാർക്ക് മനസ്സിലാകണമെന്നില്ല. ചുറ്റുമുള്ള മനുഷ്യരും ലോകവും മാറുമ്പോൾ, പാരമ്പര്യത്തെ ചേർത്തുപിടിയ്ക്കുന്ന കരങ്ങളാകുന്നു ജീവൻമശായി. എന്നാൽ പ്രദ്യോദ് എന്ന അലോപ്പതി ഡോക്ടറുടെ പുതുമ അംഗീകരിച്ചുകൊണ്ട്, ശാസ്ത്രമല്ല മറിച്ച് രോഗിയുടെ ജീവനും വിശ്വാസവുമാണ് വലുത് എന്ന് അദ്ദേഹം അടയാളപ്പെടുത്തുന്നുണ്ട്. അക്കാര്യത്തിൽ ആ വൃദ്ധവൈദ്യന് തെല്ലും നാണക്കേടില്ല. ശാസ്ത്ര പ്രൗഢിയുടെ വേലിക്കെട്ടുകൾ ഭേദിച്ച് എല്ലാവരും രോഗിയുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചിരുന്നെങ്കിൽ ഈ ലോകം എത്ര മനോഹരമാകുമായിരുന്നു!

ജീവിതവഴിയിൽ വീണുപോകുന്നവർക്കും കാലിടറുന്നവർക്കും ഒപ്പം നടന്നുകൊണ്ട് നാം ഒരു കൈത്താങ്ങാകണം. ചുറ്റുമുള്ളവരെ പ്രീതിപ്പെടുത്തി ജീവിയ്ക്കുന്ന ഇന്നത്തെ സമൂഹത്തോട്, മരണംവരെ സ്വന്തം ജീവിതം അവനവന്റേതായി ജീവിയ്ക്കണമെന്നും മറ്റുള്ളവരുടെ ഇച്ഛയ്ക്കനുസരിച്ചാവരുത് എന്നും നോവലിസ്റ്റ് വ്യക്തമാക്കുന്നു. ഗംഗാതീരം വരെയുള്ള ഒരു യാത്ര മാത്രമാണ് ജീവിതം. അത് നമ്മളായ്, നമുക്കുവേണ്ടി, നമ്മളാൽ കഴിയുന്ന നന്മ മറ്റുള്ളവർക്കായി ചെയ്ത് ജീവിയ്ക്കുക. അതിനിടയിൽ നമ്മളെ മറന്നുപോകാതിരിയ്ക്കുക. നമ്മളെ നോക്കുന്നതിനിടയിൽ നന്മ ചെയ്യാൻ മറക്കാതിരിയ്ക്കുക.

ജീവിതത്തിന്റെയും ജീവിത ധർമ്മത്തിന്റെയും മരണത്തിന്റെയും അർത്ഥം വളരെ ലളിതമായി പറഞ്ഞു തരുന്ന ഒരു കൃതിയാണ് ആരോഗ്യ നികേതനം. ഓരോ പാലിയേറ്റീവ് ഭിഷഗ്വരനും സന്നദ്ധപ്രവർത്തകനും പരിചാരകനും വായിച്ചിരിയ്ക്കേണ്ട മഹദ്ഗ്രന്ഥം.

●

# പ്രണയം

**ഉഷ സുധീർ**

**കൗ**മാരത്തിലെപ്പൊഴോ മൊട്ടിട്ടതാണെന്റെ പ്രണയം
കണ്ടതേയില്ല, മറ്റാരുമെന്റെ പ്രണയം
കരളിലൊരനുഭൂതിയാണെൻ പ്രണയം
സങ്കടങ്ങളിലൊരു സാന്ത്വനമാണെൻ പ്രണയം

അഗ്നിയെപ്പോലെ കത്തിജ്വലിയ്ക്കുന്ന സൂര്യനാണെന്റെ പ്രണയം
നറുനിലാവു പോലൊരുണ്മയാണെന്റെ പ്രണയം
ഏകാന്തതകളിലെന്നെ പുൽകിയുണർത്തുന്ന
കുളിർതെന്നലാണെന്റെ പ്രണയം

പനിനീർപൂവ്വിന്റെ പരിശുദ്ധിയാണെന്റെ പ്രണയം
നിദ്രയില്ലായാമങ്ങളിലെൻ മാറിലെ ഹൃദയ
സംഗീതം കേട്ടുറങ്ങാറുണ്ടെന്റെ പ്രണയം
ചുക്കിച്ചുളിഞ്ഞോരെന്റെ മേനിക്കുള്ളിലെ
പ്രത്യാശയാണെന്റെ പ്രണയം
ജരാനരകൾ ബാധിച്ചയെന്റെയാത്മാവില
ലിഞ്ഞു ചേർന്നിരിക്കുന്നുമെന്നുമെന്റെയാ പ്രണയം

●

# ANGER

(Compiled by Sr Betsy, Ajisha & Blesso, MSW student interns)

**O**n January 31, "Cultural Club of the Pain and Palliative Care Society" conducted a session on "Anger", moderated by Prof. N N Gokul Das. The Session explored the nature of anger as an intense emotional State, reflected through body language, facial expressions, gestures and posture. Dr. E. Divakaran highlighted that while anger is often viewed as a negative emotion, it can be constructive when expressed with compassion and control. He emphasized the importance of effective anger management, which Involves expressing anger appropriately, at the right time, in the right place, and towards the right person. Self-awareness play a key role in controlling anger as recognizing emotional triggers and communicating feelings effectively can prevent it from escalating into destructive aggression.

Anger, if left unchecked, can lead to damaged relationships and personal distress, but when acknowledged and expressed constructively, it can act as a catalyst assertive for positive change, personal growth and communication. The discussion provided insights in to channeling anger in to productive actions, fostering healthier emotional responses. The session concluded with a thought-provoking story shared by K. Aravindhakshan, reinforcing the importance of constructive anger management. The session, imparted valuable perspectives on recognizing, controlling and transforming anger into a force for emotional well-being and positive action.

●

# "Touch has a memory."

– John Keats



A phrase from John Keats's letter to Fanny Brawne, conveys the profound emotional weight that physical contact carries in memory and imagination.

Keats wrote these words while reflecting on the intense longing and desire he felt for Fanny, even in her absence.

For Keats, physical touch transcends the momentary, imprinting itself on the mind and heart, much like the way memories linger and resurface with emotional force.

We request you to par take in this noble activity by extending a helping hand to our less fortunate brethren. Be it a smile, a comforting touch or a monetary contribution

VPA: ppcs@kbl

SCAN QR CODE TO PAY

Our Account details:
PAIN & PALLIATIVE CARE SOCIETY, THRISSUR
A/c No. 7752500100057301
IFS CODE: KARB0000775
KARNATAKA BANK, THRISSUR
Upi ID: PPCS@KBL
Cheques/drafts may be sent to
Pain and Palliative Care Society,
Old Dist Hospital Bldg, Thrissur 680001
Donations to the Society are exempted
from Income tax u/s 80G.
Please provide your Name, Address, Pan number to
ppcs.thrissur@gmail.com

Printed and Published by Pain and Palliative Care Society, Thrissur. Phone : **94471 30277** (PRO - Indira Gopinath)
Printed at Vakayil Printers, M.G. Road, Thrissur - 1, Ph. No. 98461 38194. Managing Editor : Secretary, PPCS